بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ    نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ    وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാല്യം 4

ലക്കം 7

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ഫെബ്രുവരി 14/ഹി:ശം:1398 തബ്‌ലീഗ് 14/ഹി:ഖ:1440 ജമാദുൽ ആഖിർ 08


## അല്ലാഹുവിന്റെ വചനം

لَا يَتَّخِذِ الْمُؤْمِنُوْنَ الْكٰفِرِيْنَ اَوْلِيَآءَ مِنْ دُوْنِ الْمُؤْمِنِيْنَ ۚ وَمَنْ يَّفْعَلْ ذٰلِكَ فَلَيْسَ مِنَ اللّٰهِ فِيْ شَيْءٍ اِلَّآ اَنْ تَتَّقُوْا مِنْهُمْ تُقٰىةً ؕ وَيُحَذِّرُكُمُ اللّٰهُ نَفْسَهٗ ؕ وَاِلَى اللّٰهِ الْمَصِيْرُ ۝ (آل عمران:29)

സത്യവിശ്വാസികൾ സത്യവിശ്വാസികളെ വിട്ടുകൊണ്ട് അവിശ്വാസികളെ മിത്രങ്ങളാ ക്കി വെക്കരുത്. അങ്ങനെ വല്ലവരും ചെയ്തെങ്കിൽ അവന് അല്ലാഹുവുമായി ഒരു കാര്യത്തിലും ഒരു ബന്ധവുമുണ്ടാവില്ല; അവരിൽനിന്ന് നിങ്ങൾ പൂർണമായും സ്വയം സുരക്ഷിതരായി നിലകൊള്ളുകയല്ലാതെ. അല്ലാഹു തന്നെക്കുറിച്ച് നിങ്ങളെ ജാഗ്രതപ്പെടുത്തുന്നു. അല്ലാഹുവിന്റെ അടുക്കലേക്ക് തന്നെയാണ് നിങ്ങളുടെ മടക്കം.'(3:29)

## അഹ്‌മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**എതിരാളികളോടു ശത്രുതയോടെ പെരുമാറരുത്. പ്രത്യുത അധികവും പ്രാർഥന മുഖേന പ്രവൃത്തിക്കേണ്ടതാണ്. ജനങ്ങൾ നിങ്ങളെ ദുഃഖിപ്പിക്കും. എല്ലാതരത്തിലും ബുദ്ധിമുട്ടിക്കും. എന്നാൽ, നമ്മുടെ ജമാഅത്തിലുള്ളവർ ദ്വേഷം കാണിക്കരുത്. ശരീരേച്ഛയുടെ ആവേശത്താൽ മനസ്സിന് വിഷമമുണ്ടാക്കുന്ന വാക്കുകൾ ഉപയോഗിക്കരുത്.**

---

**സമ്പന്നരിൽ അഹങ്കാരമുണ്ടാകുന്നു. എന്നാൽ, ഇക്കാലത്തെ ഉലമാക്കളിൽ അവരെക്കാൾ കൂടുതലാണ്. അവരുടെ അഹങ്കാരം ഒരു ഭിത്തിപോലെ അവരുടെ വഴിയിൽ തടസമാണ്. ഞാൻ ആ ഭിത്തി തകർക്കാനാഗ്രഹിക്കുന്നു. ഈ ഭിത്തി തകരുമ്പോൾ അവർ വിനയത്തോടുകൂടി വരുന്നതായിരിക്കും**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

## എതിരാളികൾക്കു വേണ്ടി പ്രാർഥിക്കേണ്ടതാണ്

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'നാം എതിരാളികളുടെമേൽ ചില സ്ഥലങ്ങളിൽ കാർക്കശ്യം കാണിച്ചിട്ടുണ്ട്. അത് അവരുടെ അഹങ്കാരം അകറ്റുന്നതിനുവേണ്ടിയാണ്. അത് അവരുടെ കഠിനമായ കാര്യങ്ങൾക്കുള്ള മറുപടിയല്ല. പ്രത്യുത ചികിത്സ എന്ന നിലയിലുള്ള കയ്പുള്ള മരുന്നാണ്. അൽഹഖ്ഖു മർറൂൻ. പക്ഷേ, അങ്ങനെ എഴുതുക എന്നത് എല്ലാവർക്കും അനുവദനീയമല്ല. ജമാഅത്ത് സൂക്ഷ്മത പാലിക്കേണ്ടതാണ്. പിടിവാശിയും ശത്രുതയും എന്ന നിലയിലാണോ അങ്ങനെ എഴുതുന്നതെന്നും അതല്ല എന്തെങ്കിലും സദുദ്ദേശ്യത്തോടുകൂടിയാണോ അങ്ങനെ പ്രവൃത്തിക്കുന്നതെന്നും ഓരോ വ്യക്തിയും എഴുതുന്നതിനു മുമ്പേ മനസിരുത്തി പരിശോധിച്ചുനോക്കുക.' അവിടന്ന് പറഞ്ഞു: 'എതിരാളികളോടു ശത്രുതയോടെ പെരുമാറരുത്. പ്രത്യുത അധികവും പ്രാർഥന മുഖേന പ്രവൃത്തിക്കേണ്ടതാണ്; മറ്റു വഴികളിലൂടെ ശ്രമിക്കേണ്ടതുമാണ്.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ജനങ്ങൾ നിങ്ങളെ ദുഃഖിപ്പിക്കും. എല്ലാതരത്തിലും ബുദ്ധിമുട്ടിക്കും. എന്നാൽ, നമ്മുടെ ജമാഅത്തിലുള്ളവർ ദ്വേഷം കാണിക്കരുത്. ശരീരേച്ഛയുടെ ആവേശത്താൽ മനസ്സിന് വിഷമമുണ്ടാക്കുന്ന വാക്കുകൾ ഉപയോഗിക്കരുത്. അല്ലാഹു അത്തരക്കാരെ ഇഷ്ടപ്പെടുന്നില്ല. നമ്മുടെ ജമാഅത്തിനെ അല്ലാഹു ഒരു മാതൃകയാക്കാൻ ആഗ്രഹിക്കുന്നു.'

അവിടന്ന് പറഞ്ഞു: 'ഇത് ദൈവികജോലിയാണ്. ദൈവികജോലി നിലച്ചുപോകുകയില്ല. ഇക്കാര്യത്തിൽ ഒരണുപോലും നമ്മുടെ ചുവട് നടുവിലല്ല.'

അവിടന്ന് പറഞ്ഞു: 'ജനങ്ങൾ ചീത്തവിളിക്കുന്നതുകൊണ്ട് നമ്മുടെ മനസ് കോപിക്കുകയില്ല.'

അവിടന്ന് പറഞ്ഞു: 'സമ്പന്നരിൽ അഹങ്കാരമുണ്ടാകുന്നു. എന്നാൽ, ഇക്കാലത്തെ ഉലമാക്കളിൽ അവരെക്കാൾ കൂടുതലാണ്. അവരുടെ അഹങ്കാരം ഒരു ഭിത്തിപോലെ അവരുടെ വഴിയിൽ തടസമാണ്. ഞാൻ ആ ഭിത്തി തകർക്കാനാഗ്രഹിക്കുന്നു. ഈ ഭിത്തി തകരുമ്പോൾ അവർ വിനയത്തോടുകൂടി വരുന്നതായിരിക്കും.'

അവിടന്ന് പറഞ്ഞു: 'അല്ലാഹു ഭക്തരെ സ്നേഹിക്കുന്നു. അല്ലാഹുവിന്റെ മഹത്ത്വത്തെ ഓർത്ത് എല്ലാവരും വിറച്ചിരിക്കുക. ഓർമിക്കുക! സകലരും അല്ലാഹുവിന്റെ ദാസരാണ്. ആരോടും അക്രമം ചെയ്യരുത്; ദ്വേഷപ്പെടരുത്. നിന്ദാദൃഷ്ടിയോടെ ആരേയും നോക്കുകയുമരുത്. ജമാഅത്തിൽ ചീത്തയായി ഒരാളാണുള്ളതെങ്കിലും അവൻ എല്ലാവരേയും ചീത്തയാക്കിക്കളയും. നിങ്ങളുടെ സ്വഭാവം ദ്വേഷത്തിലേക്കാണെങ്കിൽ ഈ ദ്വേഷം മനസ്സിന്റെ ഏതു ഉറവിൽനിന്നാണ് വരുന്നതെന്ന് പരിശോധിക്കുക. ആ സ്ഥലം അതിസൂക്ഷ്മമാണ്.'

## ഭക്തിയെ കുറിച്ച് ഉപദേശം

'എന്റെ ജമാഅത്തിന്റെ ഗുണത്തിനുവേണ്ടി അഥവാ ഭക്തിയെ കുറിച്ച് കൂടുതൽ ഉപദേശിക്കേണ്ടതാണെന്ന് മനസ്സിലാകുന്നു. കാരണം തഖ്‌വ കൂടാതെയുള്ള ഒരു കാര്യവും അല്ലാഹുവിനെ തൃപ്തിപ്പെടുത്തുകയില്ലെന്ന് ബുദ്ധിമാന്മാർക്കറിയാം. അല്ലാഹു പറയുന്നു: *ഇന്നല്ലാഹ മഅല്ലദീനത്തഖൗവ്വല്ലദീനഹും മ്മുഹ്സിനൂൻ* (16:129)–സൂക്ഷ്മത കൈക്കൊള്ളുകയും നന്മ ചെയ്യുകയും ചെയ്യുന്നവരാരോ തീർച്ചയായും അല്ലാഹു അവരുടെ കൂടെയാകുന്നു.

'നമ്മുടെ ജമാഅത്തിന് പ്രത്യേകിച്ചും ഈശ്വരഭക്തിയുടെ ആവശ്യമുണ്ട്. പ്രത്യേകിച്ചും ദൈവനിയോഗിതനെന്ന് വാദിക്കുന്ന ഒരാളുടെ ബയ്അത്ത് ശൃംഖലയിലാണല്ലോ അവർ ഉള്ളതും ബന്ധംവെക്കുന്നതും; ഏതെങ്കിലും തരത്തിലുള്ള വെറുപ്പിലോ പകയിലോ അല്ലെങ്കിൽ അന്യാരാധനയിലോ അകപ്പെട്ടുകിടക്കുകയോ ഭൗതികതയ്ക്ക് അടിപ്പെട്ടുകിടക്കുകയോ ചെയ്യുന്നവർ ആ എല്ലാ വിപത്തുകളിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടിത്തന്നെ!

ഒരാൾക്ക് ചെറുതോ വലുതോ ആയ രോഗമുണ്ടാകുകയും അതിന് അയാൾ ചികിത്സിക്കുകയോ മരുന്നുകഴിക്കാതിരിക്കുകയോ ചെയ്താൽ അത് ഭേദമാകുകയില്ലെന്ന് നിങ്ങൾക്കറിയാവുന്നതാണ്. ഒരു കറുത്തകല മുഖത്തു വന്ന് അതു വലുതായി മുഖം മുഴുവനും പടർന്നുപിടിക്കുമോ എന്ന വലിയ ചിന്തയുണ്ടാകുന്നു. ഇപ്രകാരം പാപത്തിന്റേയും ഒരു ചെറിയ കല മനസ്സിലുണ്ടാകുന്നു. ചെറിയ തീപ്പൊരു വൻഅഗ്നിബാധയായിത്തീരുന്നു. ചെറിയ പാപം വലുതായി പടർന്നുപിടിച്ച് മുഖം മുഴുവൻ കറുത്തതാക്കിത്തീർക്കുന്നു.

അല്ലാഹു റഹീമും കരീമുമാണ്. അതുപോലെതന്നെ ഖഹ്ഹാറും മുൻതഖിമുമാണ്. ഒരു ജമാഅത്തിനെ അവൻ നോക്കുന്നു; അവരുടെ വാദവും പെരുമാറ്റവുമൊക്കെ വളരെയേറെയാണ്. എന്നാൽ, അവരുടെ കർമപരമായ അവസ്ഥ അങ്ങനെയല്ല. അപ്പോൾ അവന്റെ കോപവും ദ്വേഷവും വർധിക്കുന്നു. പിന്നെ അത്തരം ജമാഅത്തിനെ ശിക്ഷിക്കുന്നതിന് അവൻ അവിശ്വാസികളെത്തന്നെ ഏർപാടു ചെയ്യുന്നു. പലപ്രാവശ്യവും മുസ്‌ലീംകൾ അവിശ്വാസികളുടെ കൈകളാൽ ഉന്മൂലനം ചെയ്യപ്പെട്ടിട്ടുള്ളത് ചരിത്രം അറിയുന്നവർക്ക് അറിയുന്നതാണ്. ചങ്കീസ്ഖാനും ഹലാക്കുഖാനും മുസ്‌ലിംകളെ നശിപ്പിച്ചതുപോലെ! വാസ്തവത്തിൽ മുസ്‌ലീംകളെ പിന്തുണയ്ക്കുമെന്നും സഹായിക്കുമെന്നുമുള്ള അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്. പക്ഷേ, എന്നിട്ടും മുസ്‌ലീംകൾ പരാജിതരായി. ഇത്തരത്തിലുള്ള സംഭവങ്ങൾ പലപ്പോഴും ഉണ്ടായിട്ടുണ്ട്. ഇതിനുകാരണം ലാഇലാഹ ഇല്ലല്ലാഹ് എന്നു പറയുന്നുണ്ടെങ്കിലും മനസ് മറ്റെവിടെയോ ആണെന്നും അവന്റെ കർമം തികച്ചും ഭൗതികമാണെന്നും അല്ലാഹു കാണുമ്പോൾ അവന്റെ കോപം അതിന്റെ വർണം കാണിക്കുന്നു എന്നതാണ്.

( ശേഷം പേജ് 8ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്‌മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## 124-ാമത് ഖാദിയാൻ ജൽസ സാലാനയുടെ (ആരംഭം മുതൽ 127-ാമത്) റിപ്പോർട്ട്

# അഹ്മദിയ്യാ ജമാഅത്തിന്റെ കേന്ദ്രമായ ഖാദിയാൻ ദാറുൽഅമാനിൽ 124-ാമത് ജൽസസാലാന (വാർഷിക സമ്മേളനം) വിജയകരമായി സമാപിച്ചു.

**വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന് നബി(സ) തിരുമേനിയോടുള്ള സ്നേഹത്തോളം ആർക്കും എത്താൻ സാധ്യമല്ല. അത് അദ്ദേഹത്തിന്റെ ഓരോരോ വാക്കും അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹത്തിൽ ലീനമാണെന്നുള്ളതിന് തെളിവാണ്.**

**ഈ അവസാന ദിനങ്ങളിലും നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലി നിറയ്ക്കുകയും സ്വലാത്തും സലാമുംകൊണ്ട് പുതിയ വർഷത്തെ വരവേൽക്കുകയും ചെയ്യുക; നബി(സ)തിരുമേനിയുടെ വ്യക്തിത്വവുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങൾ നമ്മൾ എത്രയും വേഗം കരസ്ഥമാക്കുന്നവരായിത്തീരുന്നതിനുവേണ്ടി!**

**മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണൽ മുഖേന സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസിന്റെ വിജ്ഞാനനിർഭരമായ സമാപന പ്രഭാഷണം.**

☆ ഞാൻ ഈ നാട്ടിൽ അതായത് ഖാദിയാനിൽ അല്ലാഹുവിനെ കണ്ടു. ഇസ്ലാമിന്റെ എല്ലാ പ്രവചനങ്ങളും നബി(സ)തിരുമേനിയുടെ സേവകന്റെ കൈയിൽ പൂർത്തിയായിരിക്കുന്നതും കണ്ടു. ലോകത്ത് ധാരാളം മഹ്ദി വാദക്കാർ വന്നു. അവർ തങ്ങളുടെ പ്രബോധനം ലോകത്ത് പരക്കുമെന്ന് പ്രവചനങ്ങൾ ചെയ്തു. പക്ഷേ, ഒരാളുടെ പ്രവചനങ്ങളല്ലാതെ മറ്റാരുടേതും പുലർന്നില്ല. ഈ വ്യക്തിയാണ് ബിഹിശ്തി മഖ്ബറയിൽ അന്ത്യവിശ്രമം കൊള്ളുന്നത്. ഇദ്ദേഹത്തിന്റെ സ്മാരകശിലയിൽ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. 'മസാരെ മുബാറക് ഹദ്റത്ത് അഖ്ദസ് മിർസാ ഗുലാം അഹ്മദ് ഖാദിയാനി മസീഹ് മൗഊദ് വ ഇമാം മഹ്ദി.'

☆ ഞാൻ അഹ്മദിയ്യാ സാഹിത്യങ്ങൾ വായിക്കുകയും അഹ്മദീ മുസ്ലിംകളുമായി കൂടിക്കാണുകയും ചെയ്തതിന്റെ ഫലമായി അഹ്മദിയ്യത്ത് തന്നെയാണ് യഥാർഥ ഇസ്ലാമെന്നും മറ്റു മുസ്ലിംകളെ അപേക്ഷിച്ച് അഹ്മദികൾ കൂടുതൽ സത്യസന്ധരും നല്ല മുസ്ലിംകളുമാണെന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു. എത്ര നൂറ്റാണ്ടുകൾ ഇനി കടന്നുപോകുമെന്ന് എനിക്കറിയില്ല. പക്ഷേ, ലോകത്ത് ഉയരുന്ന ഏറ്റവും ഉന്നതമായ മുദ്രാവാക്യം ഖാദിയാനിലെ പരിശുദ്ധമണ്ണിൽനിന്നായിരിക്കുമെന്ന് എനിക്കറിയാം. ഇൻശാഅല്ലാഹ്.

## ഖാദിയാൻ ജൽസസാലാനയിൽ പങ്കെടുത്ത നവഅഹ്മദികളുടെ ഈമാൻ ദൃഢീകരിക്കുന്ന അഭിപ്രായപ്രകടനങ്ങൾ

☆ ജമാഅത്ത് ലോകം മുഴുവൻ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന സ്നേഹം സ്തുത്യർഹമാണ്. ലോകം മുഴുവൻ സ്നേഹസന്ദേശം പ്രചരിപ്പിക്കുന്നതിന് ഞാൻ ഹുദൂർ അൻവറിന് നന്ദി പറയുന്നു. നിങ്ങളുടെ ജമാഅത്തിന്റെ ഖലീഫ ലോകം മുഴുവൻ സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും അധ്യാപനം നല്കിക്കൊണ്ടിരിക്കുന്നു. മുഴുവൻ ലോകത്തേയും നാശത്തിൽനിന്ന് രക്ഷപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

☆ മുസ്ലിം സമാജം എപ്പോഴും സിക്കുമതവിശ്വാസികളോടു സഹതാപത്തോടെ വർത്തിച്ചിട്ടുണ്ട്. മുസ്ലിം സമാജം എല്ലാ ദുർഘടസന്ധിയിലും ഞങ്ങളോടൊപ്പം നിന്നു. ഈ രണ്ടു മതത്തിന്റേയും പ്രത്യേകത ഏകനായ അല്ലാഹുവിനെ ആരാധിക്കുന്നുവെന്നതാണ്.

☆മനുഷ്യത്വത്തിന്റെ മുദ്രാവാക്യം മുഴക്കപ്പെടുന്ന സമ്മേളനങ്ങൾ വളരെ വിരളമാണ്. മനുഷ്യകുലത്തിനു സേവനം ചെയ്യുക എന്നത് മഹത്തായ പ്രവൃത്തിയാണ്; അതാണ് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്.

## മനോഹരമായ നിലയിൽ ഇന്ന് ജമാഅത്ത് നല്കിക്കൊണ്ടിരിക്കുന്ന സ്നേഹത്തിന്റേയും ശാന്തിയുടേയും സന്ദേശം സ്തുത്യർഹമാണ്.

•48 രാജ്യങ്ങളിൽനിന്ന് പ്രാതിനിധ്യം, 18,864 അഹ്മദികൾ ജൽസയിൽ പങ്കെടുത്തു.
•ഹുദൂറിന്റെ സമാപാന പ്രഭാഷണാവസരത്തിൽ ലണ്ടനിൽ 5345 പേർ പങ്കെടുത്തു
•തഹജ്ജുദ് നമസ്കാരം •ദർസുൽഖുർആനും ദൈവസ്മരണകളുംകൊണ്ട് നിറഞ്ഞ അന്തരീക്ഷം •ആദരണീയ ആലിംകളുടെ വിജ്ഞാനഭരിതമായ പ്രഭാഷണങ്ങൾ •സർമത സമ്മേളനം •അതിഥികളുടെ ഈമാൻ ദൃഢീകരിക്കുന്ന അഭിപ്രായ പ്രകടനങ്ങൾ •ദേശീയവും അന്തർദേശീയവുമായ ഭാഷകളിൽ പരിപാടികളുടെ തൽസമയ തർജമ •ജമാഅത്തംഗങ്ങളുടെ ജ്ഞാനങ്ങൾ വർധിപ്പിക്കുന്നതിന് ശിക്ഷണപരമായ കാര്യങ്ങൾ തുടങ്ങിയ ഡോക്യുമെന്ററികളും പ്രദർശനങ്ങളും •34 നിക്കാഹിന്റെ വിളംബരം •പ്രിന്റ് ആന്റ് ഇലക്ട്രോണിക് മാധ്യമങ്ങളിൽ ജൽസയുടെ കവറേജ് •സമാധാനപരവും മനോഹരവുമായ അന്തരീക്ഷത്തിൽ ജൽസയുടെ എല്ലാ പരിപാടികളും സമാപിച്ചു •ഡിസംബർ 19 മുതൽ 21 വരെ അറബി പരിപാടിയായ ഇസ്മഊ സ്വൗത്തസ്സമാ ജാഅൽ മസീഹ് ജാഅൽ മസീഹ് എന്നതിന്റെ ഖാദിയാനിൽനിന്നുള്ള എം.ടി.എ. ഇന്റർനാഷണലിന്റെ തൽസമയ സംപ്രേഷണം •ജനുവരി 3 മുതൽ 5 വരെ ദി മസീഹ് ഓഫ് ദി എയ്ജ് എന്ന ശീർഷകത്തിൽ ആഫ്രിക്കക്കാർക്കുവേണ്ടി തൽസമയ സംപ്രേഷണങ്ങൾ.

റിപ്പോർട്ട്: മൻസ്വൂർ അഹ്മദ് മസ്റൂർ (മുൻതളിം റിപ്പോർട്ടിംഗ്)

ജൽസസാലാന ഭാഗം 2

### 2018 ഡിസംബർ 28 വെള്ളിയാഴ്ച

ആദ്യ ദിവസത്തെ രണ്ടാമത്തെ സെഷനിലെ പരിപാടി അഡീഷണൽ നാളിർ അഅ്ലാ ജനൂബി ഹിന്ദ് ബഹുമാനപ്പെട്ട ശീറാഥ് അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. ബംഗാളിലെ ഡോക്ടർ ശംസുദ്ദീൻ സാഹിബ് വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. നൂർ അധ്യായത്തിലെ 52 മുതൽ 56 വരെയുള്ള വചനങ്ങളാണ് തിലാവത്തു ചെയ്തത്. അതിന്റെ ഉർദു തർജമ നാഇബ് നാളിർ വഖ്ഫെ ജദീദ് ഇർശാദ് സഫീർ അഹ്മദ് ശമീം സാഹിബ് അവതരിപ്പിച്ചു. തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പദ്യം

ഹർത്വരഫ് ഫിക്ർ കൊ ദൗഡാ കെ ഥക്കായാ ഹംനെ
കോയി ദീൻ ദീനെ മുഹമ്മദ്(സ)സാ നഃ പായാ ഹംനെ

റബ്വ ജാമിഅ അഹ്മദിയ്യ വിദ്യാർഥി രിള്വാൻ അഹ്മദ് സാഹിബ് മധുരമായ ശബ്ദത്തോടും മനോഹരമായ ഈണത്തോടുംകൂടി ആലപിച്ചു. 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവചരിത്രം- ഉത്തമമായ ദാമ്പത്യ ജീവിതം' എന്ന ശീർഷകത്തിൽ അഡീഷണൽ നാളിർ ഇസ്ലാഹ് വ ഇർശാദ് ജനൂബി ഹിന്ദ് ബഹുമാനപ്പെട്ട മൗലാനാ മുനീർ അഹ്മദ് ഖാദിം സാഹിബിന്റേതായിരുന്നു ഈ യോഗത്തിലെ ആദ്യത്തെ പ്രസംഗം.

അവിടന്ന് തന്റെ പ്രസംഗത്തിന്റെ തുടക്കത്തിൽ പറഞ്ഞു: ദാമ്പത്യ ജീവിതത്തെ ഉദ്ധരിച്ചുകൊണ്ടുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവചരിത്രം നബി(സ)തിരുമേനിയുടെ ജീവചരിത്രത്തിന്റെ പൂർണ പ്രതിരൂപമാണ്. അസലിന്റെ വെളിച്ചത്തിൽ ദാമ്പത്യ ജീവിതം ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബജീവിതത്തെ നോക്കിക്കാണുമ്പോൾ അത് നബി(സ)തിരുമേനിയുടെ ജീവിതമാതൃകയനുസരിച്ചാണെന്ന് നമ്മൾ കാണുന്നു.

( ശേഷം പേജ് 10ൽ)

## ഖുത്ബ ജുമുഅ

**അൻസ്വാർ സംഘമേ! നിങ്ങളിൽ ചില നല്ല ആളുകളുണ്ട്. അവർ അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്ത് ഒരു കാര്യം പറഞ്ഞാൽ അല്ലാഹു അവർ പറഞ്ഞ കാര്യം തീർച്ചയായും പൂർത്തിയാക്കുന്നു.**

അനുസരണത്തിന്റേയും ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപങ്ങളായ നബി(സ)തിരുമേനിയുടെ
ബദ്റിൽ പങ്കെടുത്ത സ്വഹാബിമാർ ഹദ്റത്ത് ഖല്ലാദ് ബിൻ അംറ് ബിൻ ജമൂഹ്,
ഹദ്റത്ത് ഉഖ്ബബിൻ ആമിർ (റളിയല്ലാഹുഅൻഹും) തുടങ്ങിയവരുടെ അനുഗൃഹീത ജീവചരിത്ര വിവരണം.

അല്ലയോ ഹിന്ദേ! അംറ് ബിൻ ജമൂഹ്, നിന്റെ മകൻ ഖല്ലാദ്, നിന്റെ സഹോദരൻ അബ്ദുല്ലാഹ്
സ്വർഗത്തിൽ പരസ്പരം സുഹൃത്തുക്കളാണ്.

അമേരിക്കയിലെ അഹ്മദ് ശഹീദ് സാഹിബിന്റെ ഭാര്യ പഴയകാല അഹ്മദി
സിസ്റ്റർ ആലിയ ശഹീദ് സാഹിബയെ കുറിച്ചുള്ള അനുസ്മരണവും ഗാഇബ് ജനാസ നമസ്കാരവും
“അല്ലാഹു അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. അവരിലുണ്ടായിരുന്ന
ചൈതന്യവും ദീനീസേവനത്തിനുള്ള വികാരവും അവരുടെ മക്കളിലും ഉണ്ടാക്കുമാറാകട്ടെ”

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2018 ജനുവരി 11/1398 സ്വുൽഹ് 11**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഹദ്റത്ത് ഖല്ലാദ് ബിൻ അംറ് ബിൻ ജമൂഹ് അൻസ്വാരി: ഇദ്ദേഹം ബദ്രീ സ്വഹാബാക്കളിൽ പെടുന്നു. ഇദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് അംറ് ബിൻ ജമൂഹ് സഹോദരൻമാരായ ഹദ്റത്ത് മുആദ്, ഹദ്റത്ത് അബൂ അയ്മൻ, ഹദ്റത്ത് മുഅവ്വദ് എന്നിവരോടൊപ്പം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഹദ്റത്ത് അബൂ അയ്മൻ ഇദ്ദേഹത്തിന്റെ സഹോദരനല്ലെന്നും ഇദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് അംറ് ബിൻ ജമൂഹ് സ്വതന്ത്രനാക്കിയ അടിമയായിരുന്നുവെന്നും പറയപ്പെടുന്നുണ്ട്.'(ഉസുദുൽ ഗാബ, വാള്യം 1, പേജ് 184, ഖല്ലാദ് ബിൻ അംറ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ബദ്ർയുദ്ധത്തിന് പുറപ്പെട്ടുകൊണ്ട് നബി(സ) തിരുമേനി, തന്റെ സൈന്യത്തോടൊപ്പം മദീനയ്ക്ക് പുറത്ത് സുഖ്യാ എന്നൊരു സ്ഥലത്ത് തമ്പടിച്ചു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഖത്താദ തന്റെ പിതാവിൽനിന്ന് നിവേദനം ചെയ്യുന്നു: നബി(സ)തിരുമേനി മദീനയ്ക്ക് പുറത്തുള്ള സുഖ്യാ എന്ന സ്ഥലത്തിനടുത്ത്–അവിടെ ഒരു കിണറും ഉണ്ടായിരുന്നു–നമസ്കരിച്ചു, മദീനക്കാർക്കുവേണ്ടി ദുആ ചെയ്തു. ഹദ്റത്ത് അദിയ്യ് ബിൻ അബി സുഗ്ബാവും ബസ്ബസ്ബിൻ അംറും അവിടെ താമസിച്ചിരുന്നതിനിടയിൽ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. ചില നിവേദനങ്ങളനുസരിച്ച് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ് ബിൻ ഹർറാമും നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായിരുന്നു. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അങ്ങ് ഈ സ്ഥലത്ത് താമസിക്കുന്നതും സ്വഹാബിമാരെ പരിശോധിക്കുന്നതും വളരെ നല്ലതാണ്. ഞങ്ങൾ അത് ശുഭസൂചകമായി മനസ്സിലാക്കുന്നു. കാരണം ഞങ്ങൾ അതായത് ബനുസലമയ്ക്കും അഹ്ലെ ഹുസയ്ക്കുമിടയിൽ യുദ്ധമുണ്ടായപ്പോൾ ഇവിടെയാണ് താവളമടിച്ചിരുന്നത്.' ഇസ്ലാമിനുമുമ്പേയുള്ള പഴയ കാര്യങ്ങൾ വിവരിക്കുകയാണ്. മദീനയുടെ അടുത്തപ്രദേശത്ത് ദുബാബ് എന്ന പേരുള്ള ഒരു മലയുണ്ട്. ഹുസയ്ക്ക, ആ മലയുടെ അടുത്തുതന്നെയുള്ള സ്ഥലമാണ്. അവിടെ വൻതോതിൽ യഹൂദികൾ പാർത്തിരുന്നു.' അദ്ദേഹം പറയുന്നു: 'അതേസ്ഥലത്ത് ഞങ്ങളും ഞങ്ങളുടെ അംഗങ്ങളുടെ ഹാജർ എടുക്കുകയും മറ്റു കാര്യങ്ങൾ പരിശോധിക്കുകയും ചെയ്തിരുന്നു. യുദ്ധം ചെയ്യാൻ കഴിവുള്ളവർക്ക് അതിന് അനുവാദം നല്കിയിരുന്നു. ആയുധമെടുക്കുവാൻ കഴിവില്ലാത്തവരെ മടക്കി അയച്ചിരുന്നു. പിന്നീട് ഞങ്ങൾ ഹുസയ്ക്കായിലെ യഹൂദികളുടെ നേർക്കു നീങ്ങി. അക്കാലത്ത് ഹുസയ്ക്കയിലെ യഹൂദികൾ എല്ലാ യഹൂദികളുടേയുംമേൽ വിജയം നേടിയിരുന്നു. അങ്ങനെ ഞങ്ങൾ അവരെ ഇച്ഛിച്ചതുപോലെ വധിച്ചു. പരസ്പരം ശക്തമായ പോരാട്ടം നടന്നു. അതുകൊണ്ടാണ് അദ്ദേഹം പറഞ്ഞത്, 'അല്ലാഹുവിന്റെ റസൂലേ! ഞങ്ങൾ ഖുറയ്ശികൾക്കെതിരെ പോരാടുമ്പോൾ അല്ലാഹു അങ്ങയുടെ കണ്ണുകൾക്ക് അവരെക്കൊണ്ട് കൺകുളിർമ പ്രദാനം ചെയ്യുമെന്ന്; അതായത് പഴയകാലത്ത് തങ്ങൾക്ക് വിജയം ഉണ്ടായതുപോലെ അങ്ങയ്ക്കും വിജയം കരസ്ഥമാകുമെന്ന്.'

ഹദ്റത്ത് ഖല്ലാദ് ബിൻ അംറ് പറയുന്നു: നേരം വെളുത്തപ്പോൾ ഞാൻ ഹുസ്ബായിലെ എന്റെ കുടുംബക്കാരുടെ അടുത്തുപോയി. ബനുസലമയുടെ വീടുണ്ടായിരുന്ന സ്ഥലത്തിന്റെ പേരാണ് ഹുസ്ബാ. അദ്ദേഹം പറയുന്നു: എന്റെ പിതാവ് അംറ് ബിൻ ജമൂഹ് പറഞ്ഞു:'നിങ്ങൾ പൊയ്ക്കഴിഞ്ഞിട്ടുണ്ടെന്നാണ് ഞാൻ ധരിച്ചത്.' മുമ്പേ വിവരിച്ച നിവേദനത്തിൽ എഴുതിയിരുന്നത്, പിതാവ് അംറ് ബിൻ ജമൂഹിനോടൊപ്പം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നുവെന്നാണ്. പക്ഷേ, ഈ നിവേദനത്തിൽനിന്നും പിന്നീടു വരുന്ന നിവേദനത്തിൽനിന്നും മനസിലാകുന്നത് പിതാവ് പങ്കെടുത്തിരുന്നില്ലെന്നാണ്. നബി(സ)തിരുമേനി സുഖ്യാ മൈതാനത്ത് ജനങ്ങളെ പരിശോധിക്കുകയും എണ്ണം എടുക്കുകയും ചെയ്യുന്നുണ്ടെന്ന് ഞാൻ അദ്ദേഹത്തോടു പറഞ്ഞു. അപ്പോൾ ഹദ്റത്ത് അംറ് പറഞ്ഞു: 'എന്തൊരു നല്ല ലക്ഷണമാണിത്. അല്ലാഹുവാണ! നിങ്ങൾ ഗനീമത്തു മുതൽ കരസ്ഥമാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ബഹുദൈവവിശ്വാസികളായ ഖുറയ്ശികളുടെ മേൽ വിജയം കരസ്ഥമാക്കുന്നതാണ്.' ഞങ്ങൾ ഹുസയ്ക്ക എന്ന സ്ഥലത്തേക്ക് പോയപ്പോൾ ഞങ്ങളും ഇവിടെയാണ് താവളമടിച്ചത്. യഹൂദികൾ തമ്മിൽ യുദ്ധം നടന്നിരുന്നുവെന്ന് മുമ്പേ പറഞ്ഞ ആ പഴയ കാര്യത്തേയും ഇത് സാക്ഷ്യപ്പെടുത്തുന്നു.

ഹദ്റത്ത് ഖല്ലാദ് വിവരിക്കുന്നു: നബി(സ) തിരുമേനി ഹുസയ്ക്കായുടെ പേരുമാറ്റി സുഖ്യാ എന്നുവെച്ചു. ആ സ്ഥലം വാങ്ങണമെന്ന് ഞാൻ ആഗ്രഹിച്ചു. പക്ഷേ, എനിക്ക് മുമ്പേ ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ് രണ്ടു ഒട്ടകത്തിനുപകരം അതു വാങ്ങി. ചിലരുടെ അഭിപ്രായമനുസരിച്ച് ഏഴ് ഔഖിയ അതായത് 280 ദിർഹമിനു പകരമാണ് സുഖ്യാ എന്ന സ്ഥലം വാങ്ങിയത്. നബി(സ) തിരുമേനിയോടു ഇതിനെക്കുറിച്ച് പറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു: 'അതിന്റെ കച്ചവടം വൻനേട്ടമാണ്.' (കിതാബുൽ മഗാസി, വാള്യം 1, പേജ് 37–38, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2013) മുഅ്ജമുൽബുൽദാൻ, വാള്യം 3, പേജ് 258, സുഖ്യാ, പ്രസാധകർ ദാറുൽകതുബുൽ ഇൽമിയ്യ ബേറൂത്ത്) (വഫാഉൽവഫാ, വാള്യം 3, പേജ് 1200, ഹുസ്ബാ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1984) (ലുഗാത്തുൽഹദീഥ്, വാള്യം 1, പേജ് 82, ഔഖിയ, പ്രസാധകർ അലി ആസിഫ് പ്രിന്റേഴ്സ് ലാഹോർ 2005)

ഹദ്റത്ത് ഖല്ലാദിന്റെ പിതാവ് ഹദ്റത്ത് അംറ് ബിൻ ജമൂഹ് ബദ്റിൽ പങ്കെടുത്തിരുന്നില്ല. ഖല്ലാദും അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് അംറ് ബിൻ ജമൂഹും ഹദ്റത്ത് അബൂഅയ്മൻ തുടങ്ങി മൂവരും ഉഹുദ് യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അതിൽ അവർ മൂവരും ശഹാദത്ത് വരിച്ചു. (മുസ്തദർക് അലസ്സ്വഹീഹയ്ൻ, വാള്യം 3, പേജ് 226, കിതാബു മഅ്രിഫത്തുസ്സ്വഹാബാ,

ബാബു ദിക്റു മനാഖിബ് അംറ് ബിൻ അൽജമൂഹ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002). അതായത് അദ്ദേഹം തന്നെയും സഹോദരനും പിതാവും ഇവർ മൂന്നുപേരും ഉഹുദുയുദ്ധത്തിൽ പങ്കെടുത്തു. അവരുടെ പിതാവ് ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ല. പങ്കെടുക്കണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ കാലിന്റെ നിർബന്ധിതാവസ്ഥ കാരണത്താൽ–ഒരു കാലിൽ മുടന്തുണ്ടായിരുന്നതുകൊണ്ട് ബദ്റിൽ പങ്കെടുക്കുന്നതിൽനിന്ന് അദ്ദേഹത്തിന്റെ മക്കൾ അദ്ദേഹത്തെ തടഞ്ഞിരുന്നു.

ഹദ്റത്ത് ഖല്ലാദിന്റെ പിതാവ് അംറ് ബിൻ ജമൂഹിനെ കുറിച്ച് വന്നിരിക്കുന്നു: 'ബദ്റിന്റെ അവസരത്തിൽ നബി(സ)തിരുമേനി ജിഹാദിനെ സംബന്ധിച്ച് ആഹ്വാനം ചെയ്തു. എന്നാൽ, അംറിന്റെ കാലുകൾക്ക് സ്വാധീനക്കുറവ് ഉള്ളതിനാൽ അദ്ദേഹത്തിന്റെ മക്കൾ യുദ്ധത്തിൽ പങ്കെടുക്കുന്നതിൽനിന്ന് അദ്ദേഹത്തെ തടഞ്ഞു. അല്ലാഹു ഭിന്നശേഷിക്കാർക്ക് യുദ്ധത്തിൽനിന്ന് അവധി കൊടുത്തിരിക്കുന്നു. ഇക്കാരണത്താലാണ് മക്കളും 'ഞങ്ങൾ നാലു മക്കളും യുദ്ധത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി പോകുകയാണ്, അപ്പോൾപിന്നെ അങ്ങു പോകേണ്ട ആവശ്യമെന്താണെന്നും അല്ലാഹുവിൽനിന്ന് അങ്ങയ്ക്ക് അവധി നല്കിയിട്ടുണ്ടെന്നും പറഞ്ഞ് അദ്ദേഹത്തെ തടഞ്ഞത്.' അങ്ങനെ അദ്ദേഹത്തിന് ആഗ്രഹമുണ്ടായിട്ടും മക്കൾ പറഞ്ഞതുകൊണ്ട് യുദ്ധത്തിൽ പങ്കെടുത്തില്ല.

പക്ഷേ, ഉഹുദിന്റെ അവസരം വന്നപ്പോൾ അംറ് തന്റെ മക്കളോടു പറഞ്ഞു: 'നിങ്ങൾ എനിക്ക് ബദ്റിൽ പങ്കെടുക്കാൻ സമ്മതം നല്കിയില്ല. ഇപ്പോൾ ഉഹുദിന്റെ അവസരം വന്നിരിക്കുകയാണ്. അതിൽനിന്ന് തടയാൻ നിങ്ങൾക്ക് സാധിക്കില്ല. തീർച്ചയായും ഞാൻ പോകുകയും ഉഹുദിൽ പങ്കെടുക്കുകയും ചെയ്യുന്നതാണ്.' എന്തായാലും ഇനി നിങ്ങൾക്കെന്നെ തടയാൻ കഴിയില്ലെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ തീർച്ചയായും അതിൽ പങ്കെടുക്കുന്നതാണ്. മക്കൾ അദ്ദേഹത്തിന്റെ ഭിന്നശേഷി പറഞ്ഞ് തടയാൻ നോക്കി. നബി(സ)തിരുമേനിയിൽനിന്ന് താൻ അനുവാദം വാങ്ങുമെന്ന് പറഞ്ഞ് അദ്ദേഹം നബി(സ)തിരുമേനിയുടെ അടുത്തു പോയി പറഞ്ഞു: 'എന്റെ മക്കൾ ഇത്തവണ വീണ്ടും എന്നെ ജിഹാദിൽനിന്ന് തടയാൻ ശ്രമിക്കുന്നു. ഞാൻ അങ്ങയോടൊപ്പം ജിഹാദിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നു. ആദ്യം ബദ്റിൽ തടഞ്ഞിരുന്നു. ഇപ്പോൾ ഉഹുദിലും പോകാൻ വിടുന്നില്ല. ഞാൻ അങ്ങയോടൊപ്പം യുദ്ധത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നു.' പിന്നീട് അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ! അല്ലാഹു എന്റെ ഹൃദയാഭിലാഷം സ്വീകരിക്കുമെന്നും എനിക്ക് ശഹാദത്ത് നല്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. എന്റെ സ്വാധീനമില്ലാത്ത കാലുകളുമായി ഞാൻ സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യുന്നതായിരിക്കും.'

നബി(സ)തിരുമേനി പറഞ്ഞു: 'അംറേ! നിസംശയം അല്ലാഹു നിന്റെ വൈകല്യം സ്വീകരിച്ചിരിക്കുന്നു. നിനക്ക് ജിഹാദ് നിർബന്ധമല്ല.' ശേഷം അദ്ദേഹത്തിന്റെ സന്താനങ്ങളോടു പറഞ്ഞു: 'അദ്ദേഹം നന്മ' ചെയ്യുന്നത് നിങ്ങൾ തടയാതിരിക്കുക. അദ്ദേഹത്തിന്റെ ഹൃദയാഭിലാഷം അപ്രകാരമെങ്കിൽ അതു പൂർത്തിയാക്കട്ടെ. ഒരുപക്ഷേ, അല്ലാഹു അദ്ദേഹത്തിന് ശഹാദത്ത് പദവി നല്കും.' അങ്ങനെ ഹദ്റത്ത് അംറ് ആയുധങ്ങൾ കൈകളിലേന്തി, *അല്ലാഹുമ്മർസുഖ്നീ ശഹാദത്ത വലാ തറുദ്ദനീ ഇലാ അഹ്‌ലീ ഖാഇബൻ* എന്നു ദുആ ചെയ്തുകൊണ്ട് ഉഹുദിന്റെ മണ്ണിലേയ്ക്ക് പുറപ്പെട്ടു. 'അല്ലാഹുവേ! എനിയ്ക്ക് ശഹാദത്ത് നല്കിയാലും. പരാജിതനും അപമാനിതനുമാക്കി എന്നെ എന്റെ വീട്ടിലേയ്ക്ക് മടക്കി അയക്കരുതേ.' അദ്ദേഹത്തിന്റെ ദുആകൾക്ക് അല്ലാഹു സ്വീകാര്യം നല്കി. അദ്ദേഹം അവിടെ ശഹാദത്ത് സ്ഥാനം കരസ്ഥമാക്കി.(ഉസുദുൽ ഗാബ, വാല്യം 4, പേജ് 195–196, ഖല്ലാദ് ബിൻ അംറ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഹദ്റത്ത് ഖല്ലാദിന്റെ മാതാവ് ഹിന്ദ് ബിൻത് അംറ്(അവരുടെ പിതാവിന്റപേരും അംറ് എന്നായിരുന്നു; ഭർത്താവിന്റെ പേരും) ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലായുടെ പിതൃസഹോദരിയായിരുന്നു. ഉഹുദ് യുദ്ധത്തിൽ ഹദ്റത്ത് ഹിന്ദ്, തന്റെ ഭർത്താവിന്റേയും മകന്റേയും സഹോദരന്റേയും ശഹാദത്തിനുശേഷം അവരെ ഒട്ടകപ്പുറത്ത് കയറ്റി. പിന്നീട് അവരെ സംബന്ധിച്ച് കല്പനയുണ്ടായപ്പോൾ അതനുസരിച്ച് അവരെ ഉഹുദിലേയ്ക്ക് തിരിച്ചുകൊണ്ടുപോകുകയും ചെയ്തു. അങ്ങനെ അവിടെ, ഉഹുദിന്റെ മണ്ണിൽ അവരെ മറവ്ചെയ്തു.(ഇസ്വാബ, വാല്യം 2, പേജ് 287, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

ശഹീദായെന്ന് അറിഞ്ഞപ്പോൾ മൂവരേയും മദീനയിൽ കൊണ്ടുവരുന്നതിനുവേണ്ടി കൊണ്ടുവന്നതാണ്. പക്ഷേ, പിന്നീട് തിരിച്ചുകൊണ്ടുപോയി. അതിന്റെ വിശദീകരണവും പിന്നീടുണ്ടായി. ഉഹുദിലെ ശുഹദാഅ് ഉഹുദിൽത്തന്നെ ഖബ്റടക്കപ്പെടണമെന്നത് അല്ലാഹുവിന്റെ ഇച്ഛയായിരുന്നു. ഈ സംഭവത്തിന്റെ വിശദീകരണം ഇങ്ങനെ ലഭിക്കുന്നു: 'ഹദ്റത്ത് ആഇശ(റ) ഉഹുദ് യുദ്ധവിശേഷങ്ങൾ അറിയുന്നതിനായി മദീനയിലെ സ്ത്രീകൾക്കൊപ്പം വീട്ടിൽനിന്ന് പുറത്തിറങ്ങി. അപ്പോൾ പർദയുടെ കല്പന ഇറങ്ങിയിരുന്നില്ല. ഹദ്റത്ത് ആഇശ(റ) ഹർറ എന്ന സ്ഥലത്ത് എത്തിയപ്പോൾ ഹദ്റത്ത് ഹിന്ദ് ബിൻത് അംറിനെ കണ്ടുമുട്ടി. അവർ അബ്ദുല്ലാഹ് ബിൻ അംറിന്റെ സഹോദരിയായിരുന്നു. ഹദ്റത്ത് ഹിന്ദ് തന്റെ ഒട്ടകത്തെ തെളിച്ചുകൊണ്ടുവരികയായിരുന്നു. ആ ഒട്ടകപ്പുറത്ത് അവരുടെ ഭർത്താവ് ഹദ്റത്ത് അംറ് ബിൻ ജമൂഹ്, മകൻ ഹദ്റത്ത് ഖല്ലാദ് ബിൻ അംറ്, പിന്നെ സഹോദരൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ് എന്നിവരുടെ മൃതശരീരങ്ങളാണ് ഉണ്ടായിരുന്നത്. ഹദ്റത്ത് ആഇശ(റ)യുദ്ധമൈതാനത്തെ സംഭവങ്ങൾ അറിയാൻ ശ്രമിച്ചപ്പോൾ അവരോടു ചോദിച്ചു: 'നിങ്ങൾ പിന്നിലാക്കി വന്നവരുടെ അവസ്ഥകളെ സംബന്ധിച്ച് വല്ല വാർത്തയും നിങ്ങൾക്ക് അറിയാമോ?' അപ്പോൾ ഹദ്റത്ത് ഹിന്ദ് മറുപടി നല്കി: 'നബി(സ)തിരുമേനി സുരക്ഷിതനാണ്.' നബി(സ)തിരുമേനി സുരക്ഷിതമെങ്കിൽ എല്ലാ പ്രയാസവും ലഘൂകരിക്കപ്പെടുന്നതാണ്. അതിനുശേഷം ഹദ്റത്ത് ഹിന്ദ് ഈ ആയത്ത് ഓതി, *വ റദ്ദല്ലാഹുല്ലദീന കഫറൂ ബിഗയ്ളിഹിം ലം യനാലൂ ഖയ്റൻ വ കഫല്ലാഹുൽമുഅ്മിനീനൽഖിതാല വ കാനല്ലാഹു കവിയ്യൻ അസീസാ*(33:26). അതായത് വിശ്വസിക്കാത്തവരെ അവരുടെ കോപത്തോടുകൂടിത്തന്നെ അല്ലാഹു തിരിച്ചയച്ചു. അവർ ഒരു ഗുണവും നേടിയില്ല. യുദ്ധത്തിൽ വിശ്വാസികൾക്ക് അല്ലാഹു മതി. അല്ലാഹു ശക്തനും പ്രതാപവാനുമാകുന്നു.

ഹദ്റത്ത് ആഇശ(റ)അവരോട് ഒട്ടകപ്പുറത്ത് ആരെല്ലാമാണെന്ന് അന്വേഷിച്ചു. ഹദ്റത്ത് ഹിന്ദ് പറഞ്ഞു: 'എന്റെ സഹോദരനും എന്റെ മകൻ ഖല്ലാദും പിന്നെ എന്റെ ഭർത്താവ് അംറ് ബിൻ ജമൂഹും ആണ്. അവരെ എങ്ങോട്ടാണ് കൊണ്ടുപോകുന്നതെന്ന് ഹദ്റത്ത് ആഇശ(റ)ചോദിച്ചു. മറവ് ചെയ്യുന്നതിന് മദീനയിൽ കൊണ്ടുപോകുകയാണെന്ന് അവർ പറഞ്ഞു. പിന്നെ അവർ ഒട്ടകത്തെ തെളിക്കാൻ തുടങ്ങി. എന്നാൽ, ഒട്ടകം അവിടെതന്നെ മണ്ണിൽ ഇരുന്നു. അതിൽ ഭാരം കൂടുതലാണെന്ന് ഹദ്റത്ത് ആഇശ(റ) പറഞ്ഞു. അപ്പോൾ ഹിന്ദ് പറഞ്ഞു:ഇത് രണ്ടു ഒട്ടകം ഏറ്റുന്ന ഭാരം ഏറ്റാറുണ്ട്. പക്ഷേ, ഇപ്പോൾ അത് അതിന് വിരുദ്ധം പ്രവൃത്തിക്കുന്നു. പിന്നീട് അവർ ഒട്ടകത്തെ വഴക്കു പറഞ്ഞപ്പോൾ അത് എഴുന്നേറ്റു. എന്നാൽ, അവർ അതിനെ മദീനയിലേയ്ക്ക് തിരിച്ചപ്പോൾ അത് വീണ്ടും ഇരുന്നു. പിന്നെ അതിനെ ഉഹുദിന്റെ ഭാഗത്തേയ്ക്ക് തിരിച്ചപ്പോൾ അത് വേഗത്തിൽ നടക്കാൻ തുടങ്ങി. അങ്ങനെ ഹദ്റത്ത് ഹിന്ദ് നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹാജറായി. നബി(സ) തിരുമേനിയുടെ മുന്നിൽ സംഭവം വിവരിച്ചു. നബി(സ) പറഞ്ഞു: 'ഈ ഒട്ടകം നിയോഗിക്കപ്പെട്ടിരിക്കുകയാണ്. അതിനെ മദീനയിലേക്ക് കൊണ്ടുപോകുന്നതിനുപകരം ഉഹുദിലേക്ക് കൊണ്ടുപോകാനുള്ള ജോലി അല്ലാഹു ഏല്പിച്ചിരിക്കുകയാണ്.' അവിടന്ന് ചോദിച്ചു: 'നിന്റെ ഭർത്താവ് യുദ്ധത്തിനുപോകുന്നതിനുമുമ്പേ നിന്നോടു എന്തെങ്കിലും പറഞ്ഞിരുന്നുവോ?' അവർ പറഞ്ഞു: 'അംറ് ഉഹുദിലേക്ക് പുറപ്പെടാൻ പോകുകയായിരുന്നു. അദ്ദേഹം ഖിബ്‌ലയ്ക്ക് അഭിമുഖമായിനിന്ന് ഇങ്ങനെ പറഞ്ഞു:'അല്ലാഹുവേ! എന്റെ കുടുംബക്കാരുടെ അടുക്കേലേക്ക് നീ എന്നെ നാണം കെടുത്തി മടക്കരുതേ. എനിക്ക് ശഹാദത്ത് നല്കേണമേ.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അതുകൊണ്ടാണ് ഒട്ടകം നടക്കാതിരുന്നത്.' അവിടന്ന് പറഞ്ഞു: 'അൻസ്വാർ സംഘമേ! നിങ്ങളിൽ ചില നല്ല ആളുകളുണ്ട്. അവർ അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്ത് ഒരു കാര്യം പറഞ്ഞാൽ അല്ലാഹു അവർ പറഞ്ഞ കാര്യം തീർച്ചയായും പൂർത്തിയാക്കുന്നു. അംറ് ബിൻ ജമൂഹും അവരിൽപ്പെട്ട ഒരാളാണ്. എന്നിട്ട് നബി(സ)തിരുമേനി അംറ് ബിൻ ജമൂഹിന്റെ ഭാര്യയോടു പറഞ്ഞു: 'ഹിന്ദേ! നിന്റെ സഹോദരൻ ശഹീദായതുമുതൽ മലക്കുകൾ അദ്ദേഹത്തിനുമേൽ തണൽ വിരിച്ചിരിക്കുന്നു. അദ്ദേഹത്തെ എവിടെയാണ് അടക്കുക എന്ന പ്രതീക്ഷയിലാണ് അവരുള്ളത്.' നബി(സ)തിരുമേനി അവരെ ഖബ്റടക്കി കഴിയുന്നതുവരെ അവിടെ നിന്നു. പറഞ്ഞു: 'ഹിന്ദേ! അംറ് ബിൻ ജമൂഹും നിന്റെ മകൻ ഖല്ലാദും നിന്റെ സഹോദരൻ അബ്ദുല്ലായും പരസ്പരം സ്വർഗത്തിൽ സുഹൃത്തുക്കളാണ്.' അപ്പോൾ ഹിന്ദ് അപേക്ഷിച്ചു: 'അല്ലാഹുവിന്റ റസൂലേ! അവരുടെ സൗഹൃദത്തിൽ എത്തിചേരുന്നതിനായി എനിക്കുവേണ്ടി ദുആ ചെയ്താലും.'(കിതാബുൽ മഗാസി ലിൽവാഖ്ദി, വാല്യം 1, പേജ് 232–233, ഗസ്‌വ ഉഹുദ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2013).

ഹദ്റത്ത് ഉഖ്ബ ബിൻ ആമിർ: ഇദ്ദേഹത്തെ കുറിച്ചുള്ള വിവരമാണ് അടുത്തത്. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര്, ഫുകയ്ഹ ബിൻത് സക്കൻ എന്നും പിതാവിന്റെ പേര് ആമിർ ബിൻ നാബി എന്നുമാണ്. അദ്ദേഹത്തിന്റെ മാതാവും നബി(സ)തിരുമേനിയെ വിശ്വസിച്ചിരുന്നു. നബി(സ)തിരുമേനിക്ക് ബയ്അത്തു ചെയ്തിരുന്നു. ഏറ്റവുമാദ്യം മക്കയിൽ വന്ന് വിശ്വസിച്ച ആറ് അൻസ്വാറിൽ ഹദ്റത്ത് ഉഖ്ബ ബിൻ ആമിറുമുണ്ട്. പിന്നീട് അദ്ദേഹം ഒന്നാം അഖബ ബയ്അത്തിലും പങ്കെടുത്തിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 28, ഉഖ്ബ ബിൻ ആമിർ പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).(അത്ത്വബക്കാത്തുൽ

കുബ്റാ വാല്യം 8, പേജ് 301, ഫുകയ്ഹ ബിൻത് അസ്സക്കൻ പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

അതിന്റെ കുറച്ചു വിശദീകരണം ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്തു ഖാത്തമുനബിയ്യീനിൽ എഴുതിയിട്ടുണ്ട്; എങ്ങനെയാണ് നബി(സ) തിരുമേനിയുടെ പരിശ്രമംകൊണ്ട് മദീനയിൽ ഇസ്‌ലാമിന്റെ സന്ദേശം എത്തിയെതെന്ന് പറയുന്നു: 'അതിനുശേഷം നബി(സ)തിരുമേനി പതിവുപോലെ മക്കയിൽ അശ്ഹറു ഹറമിന്റെ ഉള്ളിൽ ഗോത്രങ്ങളുടെ പര്യടനം നടത്തുകയായിരുന്നു. യഥ്‌രിബിലെ ഒരു പ്രശസ്ത വ്യക്തി സുവയ്ദ്ബിൻ സാമിത്ത് മക്കയിൽ വന്നിട്ടുണ്ടെന്ന് നബിയ്ക്ക് മനസ്സിലായി. സുഖയ്മ് മദീനയിലെ ഒരു പ്രസിദ്ധനായ വ്യക്തിയായിരുന്നു. തന്റെ തന്റേടവും ധൈര്യവും മറ്റു സദ്ഗുണങ്ങളും കൊണ്ട് 'സമ്പൂർണൻ' എന്നു അദ്ദേഹം പറയപ്പെട്ടിരുന്നു. കവിയുമായിരുന്നു. നബി(സ) തിരുമേനി അദ്ദേഹത്തിന്റെ മേൽവിലാസം അറിഞ്ഞ് അദ്ദേഹം താമസിക്കുന്നിടത്ത് എത്തി. ഇസ്‌ലാമിലേക്ക് അദ്ദേഹത്തെ ക്ഷണിച്ചു. അദ്ദേഹം പറഞ്ഞു: 'എന്റെ കൈയിലും ഒരു പ്രത്യേക ഗ്രന്ഥമുണ്ട്. അതിന്റെ പേര് 'മജല ലുഖ്മാൻ' എന്നാണ്. താങ്കളുടെ കൈയിലുള്ള ഗ്രന്ഥത്തിൽനിന്ന് കുറച്ചുഭാഗം തനിക്ക് കേൾപ്പിക്കാൻ നബി(സ)പറഞ്ഞു. അപ്പോൾ സുഖയ്ദ ആ ഗ്രന്ഥത്തിന്റെ ഒരു ഭാഗം കേൾപ്പിച്ചു. അവിടന്ന് അതിനെ പ്രകീർത്തിച്ചു. അതായത് കേൾക്കപ്പെട്ട ഗ്രന്ഥത്തിൽ നല്ലകാര്യങ്ങൾ ഉണ്ടായിരുന്നു. എന്നാൽ, അവിടന്ന് പറഞ്ഞു: 'എന്റെ കൈയിലുള്ളത് ഉന്നതവും ഉദാത്തവും വളരെ ഉയർന്ന പദവിയിലുള്ളതുമായ ഗ്രന്ഥമാണ്.' നബി(സ) തിരുമേനി അദ്ദേഹത്തെ വിശുദ്ധഖുർആന്റെ ഒരു ഭാഗം കേൾപ്പിച്ചു. അവിടന്ന് പാരായണം അവസാനിപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'യഥാർഥത്തിൽ ഇത് വളരെ നല്ല ഗ്രന്ഥമാണ്.' അദ്ദേഹം മുസ്‌ലിമായില്ലെങ്കിലും നബി(സ) തിരുമേനിയുടെ സത്യത സാക്ഷീകരിച്ചു. കളവാക്കിയില്ല. പക്ഷേ, ഖേദമെന്നു പറയട്ടെ, മദീനയിൽ തിരിച്ചെത്തിയിട്ട് അദ്ദേഹത്തിന് കൂടുതൽ അവധി കിട്ടിയില്ല; വേഗം ഏതോ കലഹത്തിൽ വധിക്കപ്പെട്ടു. ഇത് ബുആഥ് യുദ്ധത്തിന് മുമ്പേയുള്ള കാര്യമാണ്.

അതിനുശേഷം അതേ കാലത്തോടടുത്ത് അതായത് ബുആഥ് യുദ്ധത്തിനു മുമ്പേ നബി(സ) തിരുമേനി മറ്റൊരിക്കൽ ഹജ്ജിന്റെ അവസരത്തിൽ ഗോത്രങ്ങൾ സന്ദർശിച്ചിരുന്നു. പെട്ടെന്ന് അവിടത്തെ ദൃഷ്ടി കുറച്ച് അപരിചിതരായവരിൽ പതിഞ്ഞു. അവർ ഔസ് ഗോത്രത്തിൽപ്പെട്ടവരായിരുന്നു. അവർ തങ്ങളുടെ ബിംബാരാധകരായ റഖീബുരരിൽനിന്ന് അതായത് ഖസ്റജ്കാർക്കെതിരിൽ ഖുറയ്ശികളോടു സഹായം തേടാൻ വന്നവരായിരുന്നു. ഇതും ബുആഥ് യുദ്ധത്തിന് മുമ്പേയുള്ള സംഭവമാണ്. ഈ സഹായം തേടൽ അതേ യുദ്ധത്തിന്റെ തയ്യാറെടുപ്പിന്റെ ഒരു ഭാഗമായിരുന്നു. നബി(സ)തിരുമേനി അവരുടെ അടുത്തുപോയി. ഇസ്‌ലാമിലേക്ക് അവരെ ക്ഷണിച്ചു. നബി(സ)തിരുമേനിയുടെ പ്രസംഗം കേട്ട് ഇയാസ് എന്ന് പേരുള്ള ഒരു യുവാവ് അനിയന്ത്രിതമായി വിളിച്ചുപറഞ്ഞു: 'അല്ലാഹുവാണ! ഏതിലേക്കാണോ ഈ വ്യക്തി അതായത് നബി(സ)തിരുമേനി നമ്മെ വിളിക്കുന്നത് നമ്മൾ ഇവിടെ ഏതൊന്നിനുവേണ്ടി വന്നുവോ അതിനേക്കാൾ ഉത്തമമാണ്.' അതായത് യുദ്ധത്തിനുവേണ്ടി സഹായം തേടുന്നതിനു പകരം അല്ലാഹുവിലേക്ക് മടങ്ങുന്നതാണ് ഉത്തമം. എന്നാൽ, ആ സംഘത്തിന്റെ നേതാവ് ഒരു പിടി കൽത്തരികളെടുത്ത് അയാളുടെ വായിലെറിഞ്ഞു, മിണ്ടാതിരിക്കാൻ പറഞ്ഞു. നമ്മൾ ഇതിനായി ഇവിടെ വന്നിട്ടില്ല. ഇപ്രകാരം ആ സമയത്ത് ഇക്കാര്യം അങ്ങനെതന്നെ അമർന്നുപോയി. എന്നാൽ, ഇയാസ് തന്റെ നാട്ടിലേക്ക് പോകുകയും മരണം വന്നെത്തുകയും ചെയ്തപ്പോൾ അദ്ദേഹത്തിന്റെ നാ വിൽ തൗഹീദുവാക്യമായിരുന്നുവെന്ന് എഴുതിയിരിക്കുന്നു.

അതിന് കുറച്ചുകാലം കഴിഞ്ഞ് ബുആഥ് യുദ്ധം അവസാനിച്ചപ്പോൾ നബി(സ)തിരുമേനി റജബ് മാസത്തിൽ മക്കയിൽ യഥ്‌രിബുകാരുമായി വീണ്ടും കൂടിക്കാഴ്ച നടത്തി. ഇത് നുബുവ്വത്തിന്റെ 11–ാം വർഷത്തിൽ നടന്ന കാര്യമാണ്. അവിടന്ന് വംശവും കുലവും ചോദിച്ചപ്പോൾ അവർ ഖസ്റജ് ഗോത്രത്തിലെ ആളുകളാണെന്ന് മനസ്സിലായി. യഥ്‌രിബിൽനിന്നു വന്നവരാണ്. നബി(സ) തിരുമേനി അങ്ങേയറ്റം സ്നേഹത്തോടെ പറഞ്ഞു: 'ഞാൻ പറയുന്ന കുറച്ചുകാര്യങ്ങൾ നിങ്ങൾ കേൾക്കുമോ?' അവർ പറഞ്ഞു. 'കേൾക്കാം! താങ്കൾ എന്താണ് പറയുന്നത്?' നബി(സ)തിരുമേനി അവിടെ ഇരുന്നു. അവരെ ഇസ്‌ലാമിലേക്കു ക്ഷണിച്ചു. വിശുദ്ധഖുർആനിലെ കുറച്ച് വചനങ്ങൾ കേൾപ്പിച്ചുകൊണ്ട് തന്റെ ദൗത്യം പറഞ്ഞുകൊടുത്തു. അവർ പരസ്പരം നോക്കി. പറഞ്ഞു: 'ഇത് അവസരമാണ്. യഹൂദികൾ നമ്മെക്കാൾ മുൻകടക്കാൻ പാടില്ല. ഇതുപറഞ്ഞ് അവരെല്ലാം മുസ്‌ലിംകളായി. ഇവർ ആറുപേരായിരുന്നു. ആ വ്യക്തികളുടെ പേരുകൾ ഇപ്രകാരമാണ്:

1. അബൂ ഉമാമ അസ്അദ് ബിൻ സുറാറ. അദ്ദേഹം ബനൂ നജ്ജാർഗോത്രത്തിൽ പെട്ടയാളാണ്. സാക്ഷ്യപ്പെടുത്തുന്നതിൽ അദ്ദേഹം പ്രഥമസ്ഥാനി ആയിരുന്നു.

2. ഔഫ് ബിൻ ഹാരിഥ്. അദ്ദേഹത്തിന് നബി(സ)തിരുമേനിയുടെ പിതാമഹൻ, അബ്ദുൽ മുത്ത്വലിബിന്റെ മാതൃഗോത്രവുമായിട്ടാണ് ബന്ധം.

3. റാഫിഅ് ബിൻ മാലിക്. അദ്ദേഹം ബനൂ സുറയ്ഖ്ഗോത്രത്തിൽപ്പെട്ടയാളാണ്. അതുവരെ അവതരിച്ച വിശുദ്ധഖുർആൻ ആ അവസരത്തിൽ നബി(സ)തിരുമേനി അദ്ദേഹത്തിന് നല്കി.

4. ഖുത്വ്ബ ബിൻ ആമിർ. അദ്ദേഹം ബനീസൽമ ഗോത്രക്കാരനാണ്.

5. ഉഖ്ബ ബിൻ ആമിർ. അദ്ദേഹം ബനീ ഹറാമി നൽപ്പെട്ടയാളാണ്. (ഈ സംഭവത്തിലെല്ലാം ഇദ്ദേഹത്തെ കുറിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്). ഈ ഉഖ്ബ ബിൻ ആമിർ ബദ്‌രി സ്വഹാബിയായിരുന്നു.

6. ജാബിർ ബിൻ അബ്ദുല്ലാഹ് ബിൻ റിആബ്. അദ്ദേഹം ബനീ ഉബയ്ദിൽപ്പെട്ടയാളാണ്.

അതിനുശേഷം അവർ നബി(സ)തിരുമേനിയിൽനിന്ന് യാത്രാമൊഴി വാങ്ങി. വിട പറയുന്ന അവസരത്തിൽ പറഞ്ഞു: 'ഞങ്ങളെ ആഭ്യന്തര യുദ്ധം വളരെ ദുർബലരാക്കിക്കളഞ്ഞിരിക്കുന്നു. ഞങ്ങളുടെ ഇടയിൽ വളരെയധികം അഭിപ്രായ ഭിന്നതകളുണ്ട്. ഞങ്ങൾ യഥ്‌രിബിൽചെന്ന് ഞങ്ങളുടെ സഹോദരങ്ങളിൽ ഇസ്‌ലാം പ്രചരിപ്പിക്കുന്നതാണ്. അല്ലാഹു അങ്ങു മുഖേന ഞങ്ങളെ വീണ്ടും ഒരുമിപ്പിക്കില്ലെന്ന് ആരറിഞ്ഞു. പിന്നെ ഞങ്ങൾ എല്ലാവിധേനയും അങ്ങയുടെ സഹായത്തിനായി തയ്യാറാകുന്നതായിരിക്കും.' അങ്ങനെ അവർ യാത്രയായി. അവർ മുഖേന യഥ്‌രിബിൽ ഇസ്‌ലാമിനെ കുറിച്ചുള്ള ചർച്ച നടക്കാൻ തുടങ്ങി.

ആ വർഷം യഥ്‌രിബിലുള്ളവരുടെ പ്രത്യക്ഷ സാഹചര്യങ്ങളെ മുൻനിറുത്തി ഒരു ഉത്കണ്ഠയുടെയും ആശങ്കയുടെയും അവസ്ഥയിലാണ് നബി (സ)തിരുമേനി മക്കയിൽ കഴിച്ചുകൂട്ടിയത്. അവിടന്ന് അധികവും ചിന്തിച്ചിരുന്നത്, അവരുടെ അവസാനം എന്താകുമെന്നും യഥ്‌രിബിൽ വിജയത്തിന്റെ വല്ല പ്രതീക്ഷയും ഉണ്ടാകുമോ എന്നുമായിരുന്നു. മുസ്‌ലിംകൾക്ക് ഇക്കാലം ബാഹ്യാവസ്ഥകളുടെ അടിസ്ഥാനത്തിൽ ദ്രോഹത്തിന്റേതായിരുന്നു; ചിലപ്പോൾ പ്രതീക്ഷയുടെ കിരണമുണ്ടാകും; ചിലപ്പോൾ നിരാശയുടേയും. മക്കയിലെ നേതാക്കന്മാരും ത്വാഇഫിലെ മന്ത്രിമാരും നബി(സ) തിരുമേനിയുടെ മിഷനെ കഠിനമായി നിഷേധിക്കുന്നത് അവർ കണ്ടുകഴിഞ്ഞിരുന്നു. മറ്റു ഗോത്രങ്ങളും ഓരോരുത്തരായി തങ്ങളുടെ നിഷേധത്തിൽ മുദ്ര പതിപ്പിച്ചു കഴിഞ്ഞിരുന്നു. മദീനയിൽ പ്രതീക്ഷയുടെ ഒരു കിരണം ഉണ്ടായിക്കഴിഞ്ഞിരുന്നുവെങ്കിലും ഈ കിരണം വിപത്തുകളുടെ കൊടുങ്കാറ്റിലും പ്രളയത്തിലും നിപതിക്കുമോ എന്ന് ആർക്കാണ് പറയാൻ കഴിഞ്ഞിരുന്നത്.

മറുഭാഗത്ത് മക്കക്കാരുടെ പീഢനങ്ങൾ നത്യേന വർധിച്ച് കൊണ്ടിരുന്നു. ഇസ്‌ലാമിനെ ഇല്ലായ്മ ചെയ്യാൻ ഇതായിരുന്നു ഉചിതമായ സമയമെന്ന് അവർ ശരിക്കും മനസിലാക്കിയിരുന്നു. ഇതിലും വലിയ ഒരു ആപൽഘട്ടം ഇസ്‌ലാമിനു ഒരിക്കലും ഉണ്ടായിട്ടില്ല. നബി(സ) തിരുമേനിയും അവിടത്തെ ആത്മാർഥരായ സ്വഹാബത്തും ഒരു ശക്തമായ പാറപോലെ അവരുടെസ്ഥാനങ്ങളിൽ ഉറച്ചു നിന്നു. നബി(സ) തിരുമേനിയുടെ ഈ ദൃഢനിശ്ചയവും സ്ഥിരചിത്തതയും ചില സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ എതിരാളികളെപോലും അത്ഭുതത്തിൽ ആഴ്ത്തിയിരുന്നു; ഈ വ്യക്തി എത്രമാത്രം മനഃശ്ശക്തിയ്ക്ക് ഉടമയാണ്! ഒരു വസ്തുവിനും അദ്ദേഹത്തെ തന്റെസ്ഥാനത്ത് നിന്ന് ഇളക്കാൻ സാധ്യമല്ല! മാത്രമല്ല ആ കാലഘട്ടത്തിൽ നബി(സ) തിരുമേനിയുടെ വാക്കുകളിൽ ഒരു പ്രത്യേക പ്രഭാവത്തിന്റേയും പ്രതാപത്തിന്റേയും അവസ്ഥ നിഴലിച്ചിരുന്നു. എന്നല്ല അക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ വാക്കുകൾ മറ്റുള്ളവരിൽ ആദരയുക്തമായ ഭയവും പ്രതാപത്തിന്റെ അവസ്ഥയും ഉണ്ടാക്കുന്നതായി കാണാമായിരുന്നു. പ്രശ്നങ്ങളുടെ അതിശക്തമായ കൊടുങ്കാറ്റിൽപോലും അവിടന്ന് തന്റെ ശിരസ്സ് ഉയർത്തി പിടിച്ചു. ഈ ദൃശ്യം ഒരു വശത്ത് ഖുറയ്ശികളെ അത്ഭുതപ്പെടുത്തിയെങ്കിൽ മറുവശത്ത് അവരുടെ ഹൃദയങ്ങളെ വിറ കൊള്ളിക്കുകയും ചെയ്തിരുന്നു. ആ സമയത്തെ കുറിച്ച് സർ വില്യം മ്യൂറും എഴുതിയിരിക്കുന്നു:

"ആ ദിനങ്ങളിൽ മുഹമ്മദ്(സ) തന്റെ ജനങ്ങളുടെ മുമ്പിൽ എങ്ങനെ ഒരുമിച്ചുനിന്നിരുന്നുവെന്നാൽ അവർക്ക് ചില സമയങ്ങളിൽ ചലിക്കാൻ കഴിഞ്ഞിരുന്നില്ല. അവസാനം വിജയം ഉണ്ടാകും എന്നതിൽ ദൃഢഗാഢ വിശ്വാസമുണ്ടായിരുന്നെങ്കിലും ബാഹ്യമായി നോക്കുമ്പോൾ നിരാലംബതയും നിസ്സഹായതയും കൊണ്ട് നബി(സ) തിരുമേനിയുടെ ചെറുസംഘം അക്കാലത്ത് ഒരു സിംഹത്തിന്റെ വായിലായിരുന്നു. എന്നാൽ, നബി(സ) തിരുമേനി തന്നെ ദൂതനാക്കി അയച്ച അല്ലാഹുവിന്റെ സഹായവാഗ്ദാനങ്ങളിൽ പൂർണമായും വിശ്വാസമർപ്പിച്ച് ദൃഢചിത്തനായി തന്റെ സ്ഥലത്തുനിന്നിരുന്നു.' വില്യം മൂർ എഴുതുന്നു: 'അദ്ദേഹത്തെ ഒരു വസ്തുവിനും അദ്ദേഹത്തിന്റെ സ്ഥലത്തുനിന്ന് ഇളക്കാൻ കഴിയുമായിരുന്നില്ല. ഈ ദൃശ്യം എങ്ങനെയുള്ള ഗംഭീരമായ പ്രകടനമാണ് കാഴ്ചവെക്കുന്നതെന്നാൽ അതിന്റെ ഉദാഹരണം ഇസ്റായീലിന്റെ ആ അവസ്ഥയിലല്ലാതെ ഒരിടത്തും കാണാൻ സാധിക്കുകയില്ല; അദ്ദേഹം വിപത്തുകളിലും ദുർഘടഘട്ടങ്ങളിലുംപെട്ട് അല്ലാഹുവിന്റെ മുമ്പിൽ, 'എന്റെ യജമാനനായിയുള്ളവനേ! ഇപ്പോൾ ഞാൻ തനിച്ചായിപ്പോയിരിക്കുന്നു' എ

ന്നു പറഞ്ഞ അവസ്ഥ. വീണ്ടും എഴുതുന്നു: 'അങ്ങനെയല്ല, മുഹമ്മദ്(സ)യുടെ ഈ ദൃശ്യം ഇസ്റായീലി നബിമാരെക്കാളും ഒരുവിധത്തിൽ ഉയർന്നതായിരുന്നു. മുഹമ്മദ്(സ)ന്റെ ഈ വാക്കുകൾ അതേ അവസരത്തിൽ പറയപ്പെട്ടതായിരുന്നു, 'എന്റെ ജനതയിലെ നേതൃകർത്താക്കളേ! നിങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നത് ചെയ്തുകൊള്ളുക. ഞാനും ഒരു പ്രതീക്ഷയോടെതന്നെയാണ് നില്ക്കുന്നത്.'

എന്തായാലും ഇസ്ലാമിന് അതൊരു നിർണായക ഘട്ടമായിരുന്നു. മക്കക്കാരുടെ ഭാഗത്ത് നിന്ന് പൂർണമായും നിരാശയായപ്പോൾ മദീനയിൽ ബയ്അത്ത് ചെയ്തുപോയവർ കാരണത്താൽ പ്രതീക്ഷയുടെ കിരണം തെളിഞ്ഞുകൊണ്ടിരുന്നു. നബി(സ)തിരുമേനി വളരെ ശ്രദ്ധയോടെ ആ ഭാഗത്തേക്ക് ഉറ്റുനോക്കിക്കൊണ്ടിരുന്നു; മക്ക, ത്വാഇഫുകാരെപോലെ മദീനയും തന്നെ നിഷേധിക്കുമോ അതല്ല അവരുടെ വിധി മറ്റൊരു വർണത്തിൽ എഴുതപ്പെട്ടിട്ടുണ്ടോ എന്ന്! അങ്ങനെ ഹജ്ജിന്റെ അവസരം വന്നു. നബി(സ)തിരുമേനി അഭിനിവേശത്തോടെ തന്റെ ഭവനത്തിൽ നിന്ന് പുറപ്പെട്ട് മിനായുടെ ഭാഗത്തുള്ള അഖ്ബ എന്ന സ്ഥലത്തെത്തി, നാലുഭാഗത്തും ദൃഷ്ടി പായിച്ചു. നബി(സ)തിരുമേനിയുടെ ദൃഷ്ടി പെട്ടെന്ന് യഥ്രിബ് വാസികളുടെ ഒരു ചെറുസംഘത്തിൽ പതിഞ്ഞു. നബി(സ)തിരുമേനിയെ കണ്ട് അവർ വേഗം തിരിച്ചറിഞ്ഞു. അങ്ങേയറ്റം സ്നേഹത്തോടും ആത്മാർഥയോടുംകൂടി മുന്നോട്ടുവന്ന് നബിയെ കണ്ടു. ഇത്തവണ പന്ത്രണ്ട് പേരാണുണ്ടായിരുന്നത്. അതിൽ അഞ്ച് പേർ കഴിഞ്ഞ വർഷം സാക്ഷ്യപ്പെടുത്തിയവരായിരുന്നു; ഏഴ് പുതിയവരും. ഔസ്, ഖസ്റജ് എന്നീ രണ്ട് ഗോത്രങ്ങളിലും പെട്ടവരായിരുന്നു അവർ. അവരുടെ നാമങ്ങൾ ഇപ്രകാരമാണ്.

1. അബൂ ഉമാമ അസ്അദ് ബിൻ സുറാറ 2. ഔഫ് ബിൻ ഹാരിഥ്, 3. റാഫിഅ് ബിൻ മാലിക് 4. ഖുത്ബ ബിൻ ആമിർ 5. ഉഖ്ബ ബിൻ ആമിർ. ഇദ്ദേഹത്തിന്റെ ജീവിത ചരിത്രമാണ് വിവരിച്ചുകൊണ്ടിരിക്കുന്നത്. ഇദ്ദേഹം ഇപ്രാവശ്യവും ഹജ്ജിനു വന്നിരുന്നു. 6. മുആദ് ബിൻ ഹാരിഥ്. ഇദ്ദേഹം ബനൂ നജ്ജാർ ഗോത്രത്തിൽപ്പെട്ടയാളായിരുന്നു. 7. ദക്വാൻ ബിൻ അബ്ദു ഖയ്സ്. ഇദ്ദേഹം ബനൂസുറയ്ഖ് ഗോത്രത്തിൽപ്പെട്ടയാളായിരുന്നു. 8. അബൂ അബ്ദുർറഹ്മാൻ യസീദ് ബിൻ ഥഅ്ലബ അസ്ബനീ ബല്ലീ. 9. ഉബാദ ബിൻ സാമിത്ത് അസ്ബനീ ഔഫ്. അദ്ദേഹം ഖസ്റജ് ഗോത്രത്തിലെ ബനീബല്ലിയിൽനിന്നുളളയാളായിരുന്നു. ഇദ്ദേഹം ബനീ ഔഫിൽനിന്നുള്ള ആളായിരുന്നു. 10. അബ്ബാസ് ബിൻ ഉബാദ ബിൻ നള്ല. ഇദ്ദേഹം ബനീ സാലിമിൽനിന്നുള്ള ആളായിരുന്നു. 11. അബുൽഹയ്ഥം ബി ൻ തയ്ഹാൻ. ഇദ്ദേഹഹം ബനീ അബ്ദിൽ അശ്ഹലിൽപ്പെട്ടയാളായിരുന്നു. 12. ഉവയിം ബിൻ സായിദ. ഇദ്ദേഹം ഔസ് ഗോത്രത്തിലെ ബനീ അംറ് ബിൻ ഔഫിൽപ്പെട്ടയാളായിരുന്നു.

നബി(സ)തിരുമേനി ജനങ്ങളുടെ ഇടയിൽ നിന്ന് മാറി ഒരു താഴ്വരയിൽവച്ച് ആ 12 പേരുമായി കൂടിക്കാഴ്ച നടത്തി. അവർ യഥ്രിബിന്റെ നിലവിലെ അവസ്ഥ അറിയിച്ചു. ഇത്തവണ എല്ലാവരും ഔദ്യോഗികമായി നബിതിരുമേനിയുടെ കൈയിൽ ബയ്അത്ത് ചെയ്തു. ഈ ബയ്അത്ത് മദീനയിൽ ഇസ്ലാംമത സംസ്ഥാപനത്തിന്റെ അടിസ്ഥാനശില പാകുകയായിരുന്നു. ഇതുവരെ വാളെടുത്തുള്ള യുദ്ധത്തിന് അനുമതി ലഭിച്ചിരുന്നില്ല. അതുകൊണ്ട് നബി(സ)തിരുമേനി അവരിൽനിന്ന് ജിഹാദ് നിർബന്ധമായതിനുശേഷം സ്ത്രീകളിൽനിന്ന് ബയ്അത്ത് വാങ്ങിയിരുന്ന വാക്കുകളിൽമാത്രമാണ് ബയ്അത്ത് വാങ്ങിയിരുന്നത്. അതായത് ഏകനായ ദൈവത്തിൽ വിശ്വസിക്കുന്നതായിരിക്കും. അന്യാരാധന നടത്തുകയില്ല. മോഷ്ടിക്കുകയില്ല. വ്യഭിചരിക്കുകയില്ല. കൊല ചെയ്യുകയില്ല. ആരേയും കുറിച്ച് അപരാധം പറയുകയില്ല. എല്ലാ നല്ല കാര്യങ്ങളിലും അങ്ങയെ അനുസരിക്കുന്നതായിരിക്കും. ബയ്അത്തിനുശേഷം നബി (സ)തിരുമേനി പറഞ്ഞു: 'നിങ്ങൾ സത്യസന്ധതയോടും ആത്മാർഥയോടുംകൂടി ഈ പ്രതിജ്ഞയിൽ ഉറച്ച് നില്ക്കുന്നപക്ഷം നിങ്ങൾക്ക് സ്വർഗം ലഭിക്കുന്നതാണ്. ഇനി ബലഹീനത പ്രകടിപ്പിക്കുകയാണെങ്കിൽ നിങ്ങളുടെകാര്യം പിന്നെ അല്ലാഹുവിന്റെ കൈകളിലാണ്. അവൻ എന്ത് വിചാരിക്കുന്നുവോ അതുപോലെ പെരുമാറുന്നതാണ്.' ഈ ബയ്അത്താണ് ചരിത്രത്തിൽ ഒന്നാം അഖബ ഉടമ്പടി എന്ന നാമത്തിൽ പ്രസിദ്ധമായത്. കാരണം ബയ്അത്ത് വാങ്ങിയ ആ സ്ഥലത്തിന് പറയുന്ന പേര് അഖബ എന്നാണ്. അത് മക്കയ്ക്കും മിനായ്ക്കും ഇടയിലാണ് സ്ഥിതിചെയ്യുന്നത്. അഖബ എന്നാൽ, ഗിരിമാർഗം എന്നാണ് അർഥം. മക്കയിൽനിന്ന് പിരിഞ്ഞ് പോകവെ ഈ പന്ത്രണ്ട് നവമുസ്ലീങ്ങൾ ആരെയെങ്കിലും ഇസ്ലാമിന്റെ മുഅല്ലിമായി തങ്ങളോടൊപ്പം അയക്കണമെന്ന് അപേക്ഷിച്ചു. നബി(സ)തിരുമേനി അബ്ദുദാർ ഗോത്രത്തിലെ ഒരു ആത്മാർഥ യുവാവായ മുസ്അബ് ബിൻ ഉമയറിനെ അവരോടൊപ്പം അയച്ചു. ഇസ്ലാമിക മുബല്ലിഗ് അക്കാലത്ത് ഖാരി എന്നോ മുഖ്രിഅ് എന്നോ ആണ് അറിയപ്പെട്ടിരുന്നത്. കാരണം അവരുടെ ജോലി അധികവും വിശുദ്ധഖുർആൻ കേൾക്കുക എന്നതായിരുന്നു. അതുതന്നെയായിരുന്നു തബ്ലീഗിനുള്ള ഉത്തമമാർഗവും. അങ്ങനെ മുസ്അബും യഥ്രിബിൽ പോകുകയും മുഖ്രിഅ്(മുക്രി) എന്ന പേരിൽ പ്രസിദ്ധനാകുകയും ചെയ്തു. രണ്ടാം അഖ്ബ ഉടമ്പടി 13 നബ്വിയിലാണ് നടന്നത്. അതിൽ എഴുപത് അൻസ്വാർ ബയ്അത്തുചെയ്തിരുന്നു. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 221–225, 227)

ഹദ്റത്ത് ഉഖ്ബ ബിൻ ആമിർ ബദ്ർ, ഉഹുദ്, ഖൻദഖ് ഉൾപ്പടെ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. അദ്ദേഹം ഉഹുദ് ദിവസം, സേനയിൽ പച്ചനിറത്തിലുള്ള വസ്ത്രം ധരിച്ചിതിനാൽ വേറിട്ട് കാണപ്പെട്ടിരുന്നു. അദ്ദേഹം ഹദ്റത്ത് അബൂബക്കറിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ, ഹിജ്റ 12ൽ യമാമ യുദ്ധത്തിൽ ശഹീദാക്കപ്പെട്ടു. (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 428, ഉഖ്ബ ബിൻ ആമിർ പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

ഹദ്റത്ത് ഉഖ്ബ ബിൻ ആമിർ നിവേദനം: 'ഞാൻ എന്റെ മകനെയുംകൊണ്ട് നബി(സ) തിരുമേനിയുടെ സവിധത്തിൽ ഹാജരായി. അപ്പോൾ അവന് ഒൻപത് വയസ്സായിരുന്നു. ഞാൻ പറഞ്ഞു: എന്റെ മാതാവും പിതാവും അങ്ങയ്ക്ക് ബലിയായിരിക്കട്ടെ! അല്ലാഹുവിനോട് ദുആ ചെയ്യാൻ എന്റെ മകനെ ദുആ പഠിപ്പിച്ചാലും. അങ്ങനെ അവന്റെമേൽ അനുകമ്പ കാണിച്ചാലും. അവിടന്ന് പറഞ്ഞു: മകനേ, പറയുക! *അല്ലാഹുമ്മ ഇന്നീ അസ്അലുക്ക സിഹ്ഹത്തൻ ഫീ ഈമാനിൻ വ ഈമാനൻ ഫീ ഹുസ്നി ഖുലുഖിൻ വ സ്വലാഹൻ യത്ബഉഹൂ നജാഹുൻ*(ഉസുദുൽ ഗാബ, വാല്യം 4, പേജ് 52, ഉഖ്ബ ബിൻ ആമിർ പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

'അല്ലാഹുവേ! ഞാൻ നിന്നോട് ഈമാനികാവസ്ഥയിൽ ആരോഗ്യം ചോദിക്കുന്നു. ഈമാനോടൊപ്പം സൽസ്വഭാവത്തിനും ദുആ ചെയ്യുന്നു. പരിഷ്കരണത്തിനു ശേഷം വിജയവും പ്രതീക്ഷിക്കുന്നു.' അല്ലാഹു ഈ സ്വഹാബാക്കളുടെ പദവികൾ ഉയർത്തുമാറാകട്ടെ.

ഇതിനുശേഷം ഞാൻ അമേരിക്കയിലെ ഭക്തയായ ഒരു പഴയ അഹ്മദിയെ കുറിച്ച് സ്മരിക്കുന്നതാണ്. അതിനുശേഷം അവരുടെ ജനാസയും നമസ്കരിപ്പിക്കുന്നതാണ്. അവരുടെ പേര്, സിസ്റ്റർ ആലിയ ശഹീദ് സാഹിബ എന്നാണ്. മർഹും അഹ്മദ് ശഹീദ് സാഹിബിന്റെ ഭാര്യയായിരുന്നു. ഡിസംബർ 26 ന് അവർ വഫാത്തായി. അല്ലാഹു അവർക്ക് ദീർഘായുസ്സ് നല്കി, ജമാഅത്തിന് സേവനം ചെയ്യാൻ തൗഫീഖ് പ്രദാനം ചെയ്യുകയും ദൗർബല്യങ്ങളിൽ നിന്നെല്ലാം രക്ഷിക്കുകയും ചെയ്തു. 105 വയസ്സായിരുന്നു. അല്ലാഹു അവരുടെ പദവി ഉയർത്തു മാറാകട്ടെ. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

അമീർ സാഹിബ് അമേരിക്ക സിസ്റ്റർ ആലിയ സാഹിബയെ കുറിച്ചെഴുതി: 'അവർക്ക് 1936–ൽ ബയ്അത്ത് ചെയ്യാൻ ഭാഗ്യം കിട്ടി. അവർ 1963 മുതൽ 1966 വരെ സ്വദ്ർ ലജ്ന അമേരിക്ക എന്ന നിലയിൽ സേവനം ചെയ്തു. ഇപ്രകാരംതന്നെ പരേതയ്ക്ക് ലജ്ന ഇമായില്ലാ അമേരിക്കയിൽ 50 വർഷം വലയം ചെയ്യുന്ന ഒരു ദീർഘകാലം, ജനറൽ സെക്രട്ടറി, സെക്രട്ടറിമാൽ, സെക്രട്ടറി തൽലീം, സെക്രട്ടറി ഖിദ്മത്തെ ഖൽഖ്, തദ്ദേശ ലജ്ന സ്വദ്ർ എന്നീ നിലകളിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. എപ്പോഴും ജമാഅത്തിനോടും ഖിലാഫത്തിനോടും അഗാധമായ ബന്ധം പുലർത്തി. എല്ലാതരം ത്യാഗത്തിനും എപ്പോഴും സന്നദ്ധയായിരുന്നു. വളരെ അനുകമ്പയും സ്നേഹവുമുള്ള സ്ത്രീയായിരുന്നു. അവർക്ക് അമേരിക്കൻ അഹ്മദിയ്യാ ജമാഅത്തിന്റെ ആരംഭകാല സംഭവങ്ങൾ കാണാതെ അറിയാമായിരുന്നു. അതവർ എപ്പോഴും പറയാറുണ്ടായിരുന്നു. ഹദ്റത്ത് ചൗദരി സഫ്റുല്ലാഖാൻ സാഹിബിനെ തന്റെ വീട്ടിൽ ഭക്ഷണത്തിന് ക്ഷണിക്കാനും അവർക്ക് അവസരം കിട്ടി. ഭർത്താവ് അഹ്മദ് ശഹീദ് സാഹിബ് മർഹൂമിന് അമേരിക്കയിലെ നാഷണൽ ആമിലായിലും പിറ്റ്സ്ബർഗ്(Pittsburg)ജമാഅത്തിന്റെ സ്വദ്ർ എന്ന നിലയിലും സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. പരേതയുടെ ബന്ധുക്കളിൽ അവരുടെ ഏകമകൻ ഉമർ ശഹീദ് സാഹിബയാണുള്ളത്. അദ്ദേഹത്തിന് കഴിഞ്ഞ 18 വർഷമായി പിറ്റ്സ്ബർഗ്(Pittsburg)ജമാഅത്തിന്റെ പ്രസിഡന്റ് എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടിക്കൊണ്ടിരിക്കുന്നു. ഇവർ ആഫ്രിക്കൻ അമേരിക്കനായിരുന്നു.'

സ്വദ്ർ ലജ്ന ഇമാഇല്ലാഹ് അമേരിക്ക സിസ്റ്റർ ആലിയയെ കുറിച്ചെഴുതുന്നു: 'അവരുടെ ജീവിതരീതി, അവരുടെ സംസാരം, അവരുടെ എല്ലാ അനക്കമടക്കവും അവർ തന്റെ ബയ്അത്ത് പ്രതിജ്ഞയിൽ ഉറപ്പോടുകൂടി പ്രവർത്തിച്ചിരുന്നുവെന്നതിന് സാക്ഷിയാണ്. അവർ 76 വർഷം മുമ്പേ ചെയ്ത അവരുടെ സേവനങ്ങൾ കേവലം അമേരിക്കയിൽ പരിമിതമായിരുന്നില്ല. അവരെ പരിചയമുള്ളവർ ലോകം മുഴുവനുമുണ്ട്. ഈ വിദേശലജ്നകളുൾപ്പെടെ എല്ലാ ലജ്നയും പാക്കിസ്താനി ലജ്നയുടെ സ്വദ്റിന്റെ കീഴിലായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ സഹധർമിണി അന്നത്തെ സ്വദ്ർ ലജ്നയായിരുന്ന ഹദ്റത്ത് മർയം സിദ്ദീഖ സാഹിബ ഇവരുടെ പ്രവർത്തനത്തെ ഒരുപാട് പ്രകീർത്തിച്ചിരുന്നു.' ഇവർ എഴുതുന്നു: 'സിസ്റ്റർ ആലിയായുടെ പേര് യെല്ലാ ലൂഇസ്(Ella Louis) എന്നായിരുന്നു. അവരുടെ ഭർത്താവ് വില്യം

ഫ്രാങ്ക് ബ്രോവിംഗ്(William Frank Browing) ആഫ്രിക്കൻ മെന്തോഡസ്റ്റ് ചർച്ചി(Methodist Church)ന്റെ കർമനിരതനായ അംഗമായിരുന്നു. അവരുടെ വിവാഹം നടക്കാൻ പോകുകയായിരുന്നു. അവർ തന്റെ വിവാഹത്തിനുള്ള തയ്യാറെടുപ്പിന്റെ തിരക്കിലായിരുന്നു. അവരുടെ ഭർത്താവിന് അഹ്മദിയ്യത്തിന്റെ സന്ദേശമെത്തിയപ്പോൾ വില്യം സാഹിബ് തന്റെ മാതാപിതാക്കളോടൊപ്പം അഹ്മദിയായി. അദ്ദേഹം തനിക്ക് അഹ്മദ് ശഹീദ് എന്നു പേരിട്ടു. ആലിയായെ വിവാഹം കഴിച്ചുവെങ്കിലും അവർ ബയ്അത്ത് ചെയ്തിരുന്നില്ല. അഹ്മദ് ശഹീദ് സാഹിബ് കുറച്ചുകാലത്തിനുശേഷം പീറ്റ്സ് ബർഗ് ജമാഅത്തിന്റെ സ്വദ്റായി നിയമിക്കപ്പെട്ടു. അദ്ദേഹം തന്റെ ജമഅത്തിൽ സ്വീകാര്യനായെന്നു മാത്രമല്ല രാജ്യം മുഴുവൻ തന്റെ തബ്ലീഗ് പ്രവർത്തനംകൊണ്ട് പ്രസിദ്ധനുമായി. ഇതിനിടയിൽ അദ്ദേഹത്തിന് ഒരു മകനുണ്ടായി. അവന് ഉമർ എന്ന് അദ്ദേഹം പേരിട്ടു.

ആലിയ സാഹിബ തന്റെ അഹ്മദി ഭർതൃഗൃഹത്തിലാണ് താമസിച്ചിരുന്നത്. അവിടെ അവർ തന്റെ ഭർതൃപിതാവും ഭർത്താവും കാണാതെ ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ വായിക്കാൻ തുടങ്ങി. അതിനിടയിലാണ് അവർക്ക് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം എന്ന ഗ്രന്ഥം ലഭിച്ചത്. അത് അവരെ വളരെ ആകർഷിച്ചു. അതിനുശേഷം തന്റെ വീട്ടിൽ സംഘടിപ്പിക്കുന്ന തർബിയ്യത്ത് ക്ലാസുകളിൽ പങ്കെടുക്കാൻ തുടങ്ങി. പിന്നീട് ഒരു ദിവസം ബംഗാളി സാഹിബിന്റെ–അബ്ദുർറഹ്മാൻ ബംഗാളി സാഹിബിന്റെ– ഇദ്ദേഹം അവിടെ മുബല്ലിഗായിരുന്നു, പ്രസംഗം കേട്ടു. അതിൽ അദ്ദേഹം മസീഹിന്റെ കുരിശിൽനിന്നുള്ള മോചനവും കശ്മീരിലേക്ക് അദ്ദേഹം പലായനം ചെയ്തതും സംബന്ധമായ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിശ്വാസം വിവരിച്ചു.' സ്വദ്ർ ലജ്ന എഴുതുന്നു: 'അതിനുശേഷം ചർച്ചിൽ പോകുന്നത് താൻ ഉപേക്ഷിച്ചുവെന്ന് അവർ പറയാറുണ്ടായിരുന്നു. മസ്ജിദിൽ പോകാൻ തുടങ്ങി. അവസാനം 1936–ൽ ബയ്അത്ത് ചെയ്തു. തന്റെ പേരെങ്ങനെയാണ് ആലിയ എന്നിട്ടത്? ആലിയ സാഹിബ പറയുന്നു: 'ഒരു ഗ്രന്ഥത്തിൽ ഞാൻ ആലിയ എന്നൊരു പേരു കണ്ടു. അതെനിക്ക് നല്ലതായി തോന്നി. അഹ്മദിയായതിനു ശേഷം ഞാൻ ആ പേര് സ്വായത്തമാക്കി.'

സിസ്റ്റർ ആലിയ എപ്പോഴും ജ്ഞാനപരമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിൽ തൽപരയായിരുന്നു. മസ്ജിദ് വൃത്തിയാക്കും, ഭക്ഷണം പാകം ചെയ്യും, നമസ്കരിക്കും. അറിവ് കരസ്ഥമാക്കുക മാത്രമല്ല മറിച്ച്, എപ്പോഴും വിനയത്തോടെ ശ്രമദാനവും ചെയ്യാറുണ്ടായിരുന്നു. ജമാഅത്തിന്റെ ജോലികളും ചെയ്യുമായിരുന്നു.' സ്വദ്ർ ലജ്ന എഴുതുന്നു: ഞങ്ങൾ അവരെ എപ്പോഴും നമസ്കരിക്കുന്നതായി കണ്ടിട്ടുണ്ട്. ചന്ദ കൊടുക്കുന്നത് കണ്ടിട്ടുണ്ട്. എപ്പോഴും എന്തെങ്കിലുമൊക്കെ നന്മയുടെ കാര്യങ്ങൾ ഇവർ ജമാഅത്തിനെ ഉപദേശിച്ചുകൊണ്ടിരിക്കും.' സ്വദ്ർ ലജ്ന എഴുതുന്നു:'പരേതയുടെ സകലശ്രദ്ധയും ലജ്നയുടെ പരസ്പരമുള്ള ഐക്യത്തിനും സാഹോദര്യമുണ്ടാക്കുന്നതിലും കേന്ദ്രീകരിച്ചിരുന്നു. ഇതിനുവേണ്ടി തന്റെ ജീവിതത്തിന്റെ അവസാനത്തിൽ അവർ ലജ്നയെ സംബോധന ചെയ്ത് നിരവധി കത്തുകളെഴുതി.' സ്വദ്ർ ലജ്ന എഴുതുന്നു:'ഒരു ആയത്ത് അവരെപ്പോഴും ആവർത്തിക്കുമായിരുന്നു. അത് ഞാൻ അവരിൽനിന്ന് കേട്ടിട്ടുള്ളതണ്. *ഇന്നല്ലാഹ യുഹിബ്ബുല്ലദീന യുഖാത്തിലൂന ഫീ സബീലിഹി സ്വഫ്ഫൻ കഅന്നഹും ബുൻയാനുൻ മ്മർസ്വൂസ്* ഇതെപ്പോഴും ഓതിക്കൊണ്ടിരിക്കുമായിരുന്നു. സുഭദ്രമായ കെട്ടിടംപോലെ അണികളായിനിന്ന് അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്നവരെ തീർച്ചയായും അല്ലാഹു സ്നേഹിക്കുന്നു.(61:5)

സ്വദ്ർ ലജ്ന എഴുതുന്നു: അവരാണ് ഏറ്റവുമാദ്യം അമേരിക്കയിൽ മസ്ജിദ് ഫണ്ടിന് അടിസ്ഥാനശില പാകിയത്. ഇതുപോലെതന്നെ മുസ്‌ലിം സ്റ്റുഡൻസ് സ്കോളർഷിപ്പ് ഫണ്ട് തുടങ്ങി. അവരുടെ സ്വദാറത്തിലാണ് ഏറ്റവുമാദ്യം സാലാന ഇജ്തിമാ സംഘടിപ്പിച്ചത്. നാഷണൽ തബ്ലീഗ് ഡേയുടെ തുടക്കവും അവരായിരുന്നു. ഇതിൽ ലജ്ന വിശുദ്ധഖുർആന്റെ ആയിരക്കണക്കിന് പ്രതികൾ, തബ്ലീഗ് ലീഫ്ലെറ്റുകൾ, പരിചയപ്പെടുത്തിക്കൊണ്ടുള്ള നോട്ടീസുകൾ രാജ്യത്തെ ലൈബ്രറികൾക്ക് അയച്ചുകൊടുക്കാറുണ്ടായിരുന്നു. അവർ ലജ്നയുടെ ഒരു മാഗസീനും പ്രസിദ്ധീകരിച്ചിരുന്നു. അക്കാലത്തെ സർവലോക ലജ്ന സ്വദ്ർ ഹദ്റത്ത് ഛോട്ടീ ആപ്പാ മർയം സിദ്ദീഖ സാഹിബ അതിന് 'ആഇശ'(Ayesha) എന്നു പേരുവെച്ചു. സർവലോക ലജ്ന സ്വദ്റിനെക്കൊണ്ട് ഇവർ നാമകരണം ചെയ്യിച്ചു. ഇവർ ദി പാത്ത് ഓഫ് ഫെയിത്ത് ആന്റ് ഔർ ഡ്യൂട്ടീസ്(The path of faith and Our Duties)എന്ന പേരിൽ ലജ്നയുടെ പ്രവർത്തന രൂപരേഖയും പ്രസിദ്ധീകരിച്ചു. അവരുടെ ആഹ്വാനത്തിൽ അമേരിക്കയിലെ ലജ്ന അംഗങ്ങൾ ഡന്മാർക്കിൽ നിർമിക്കുന്ന മസ്ജിദിന് അത്യുത്സാഹത്തോടെ ധനത്യാഗം ചെയ്തു. ഇപ്രകാരംതന്നെ ബാൽട്ടിമോർ, പീറ്റ്സ് ബർഗ് തുടങ്ങിയ മിഷൻഹൗസുകളുടെ വിപുലീകരണത്തിനും മറ്റും ഫണ്ട് ലഭ്യമാക്കി.' സ്വദ്ർ ലജ്ന പറയുന്നു: 'അക്കാലത്താണ് 98% ലജ്നയും പുതിയതായ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേർന്നിരുന്നതെന്ന് സിസ്റ്റർ ആലിയ പറയാറുണ്ടായിരുന്നു. അവർ പറഞ്ഞു: അതുകൊണ്ട് ഞങ്ങൾ ആരംഭത്തിൽ നമസ്കരിക്കാനും റമളാനിലെ നോമ്പുപിടിക്കാനും മാത്രമാണ് ഉപദേശിച്ചിരുന്നത്. ഇപ്രകാരം തന്നെ ക്ഷണത്തിൽ പർദ ധരിക്കുന്നതിനുപകരം ആദ്യം കുറച്ചുവർഷം ഉചിതമായ വസ്ത്രം ധരിക്കുന്നതിനെക്കുറിച്ച് പറഞ്ഞു. ലജ്ജയുള്ള വസ്ത്രം ധരിക്കുക. പിന്നീട് അടുത്ത സ്റ്റെപ്പിൽ പർദ്ദ ധരിക്കാൻ പറഞ്ഞു. ലജ്നയിൽ ഇപ്പോൾ തുടങ്ങിയിട്ടുള്ളതുപോലെ പർദ്ദ ധരിക്കുന്നതും പർദ്ദ അഴിച്ചുവെക്കുന്നതുപോലെയായിരുന്നില്ല. അവർക്ക് സ്റ്റെപ്പ് വൈസ് (Stepwise)ലജ്നയെ ഒരു സ്റ്റേജിൽനിന്ന് അടുത്ത സ്റ്റേജിൽ കൊണ്ടുവരാൻ ശ്രമിച്ചു, ശിക്ഷണം നല്കി.'

സിസ്റ്റർ ആലിയ എല്ലാ ലജ്നയേയും വിശുദ്ധഖുർആൻ ഓതാൻ പഠിപ്പിക്കാൻ ശ്രമിച്ചു. നിത്യവും ഖുർആൻ പഠിപ്പിക്കാൻ പരിപാടിയുണ്ടാക്കി. ഓതാൻ പഠിച്ച ലജ്നയോടു നിത്യവും കുറച്ച് തഫ്സീർ വായിക്കാനും പറഞ്ഞു. ആലിയ സാഹിബായുടെ ശ്രമത്തിൽ നാസ്വിറാത്തിന് സിലബസും ഉണ്ടാക്കി. നാസ്വിറാത്തിൽ മതപരമായ അറിവ് പഠിക്കുന്നതിന് താൽപര്യമുണ്ടായി. അംഗങ്ങളിൽ ത്യാഗത്തിന്റെ ആത്മാവ് ഉണ്ടാക്കുന്നതിൽ പരേത പൂർണമായും പങ്കുവഹിച്ചു. ഇപ്രകാരംതന്നെ ചന്ദകളുടെ കണക്കുകളും വിദഗ്ധമായനിലയിൽ സൂക്ഷിച്ചിരുന്നു.

ഒരിക്കൽ അവരോടു ജമാഅത്തിൽ ചേരുമ്പോഴുള്ള പ്രയാസങ്ങളെ കുറിച്ച് ചോദിച്ചപ്പോൾ പറഞ്ഞു: 'ഞാൻ ജമാഅത്തിൽ പ്രവേശിച്ചതിനുശേഷം ഒരുപാട് പരീക്ഷണങ്ങൾ കണ്ടു. പക്ഷേ, ഞാൻ വൈകല്യം കാണിക്കുന്നതിനു പകരം എപ്പോഴും സ്ഥൈര്യം കാണിക്കുകയും അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തിപ്പെടുകയും ചെയ്യാൻ ശ്രമിച്ചു. ഈ പാഠമാണ് കഴിഞ്ഞ 50 വർഷത്തിലധികമായി ലജ്നയ്ക്ക് നല്കിക്കൊണ്ടിരിക്കുന്നത്.' ലജ്ന സ്വദ്ർ എഴുതുന്നു: 'അവരുടെ വ്യക്തിത്വം സ്ഥൈര്യത്തിന്റെ മിനാരമായിരുന്നു. അതിൽനിന്നാണ് ഞങ്ങളെല്ലാവരും മാർഗദർശനമെടുക്കുന്നത്.' തുടർന്ന് ലജ്ന സ്വദ്ർ എഴുതുന്നു: 'ഇസ്‌ലാം ദീൻ ലോകം മുഴുവൻ ജയിച്ചടക്കുമെന്നതിനെ സംബന്ധിച്ച് അവർക്ക് പൂർണവിശ്വാസമുണ്ടായിരുന്നു. ഇസ്‌ലാമിന്റെ വിജയം വരുമ്പോൾ അഹ്മദിയ്യാ ജമാഅത്തിന്റെ മോട്ടോ, 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന മുദ്രാവാക്യം ആയിരിക്കും ലോകത്തെ ഭരിക്കുക എന്ന് പറയാറുണ്ടായിരുന്നു. ഇതുപോലെതന്നെ അവർക്ക് ഖിലാഫത്ത് വ്യവസ്ഥിതിയിലും പൂർണ വിശ്വാസമായിരുന്നു. അവർ അതിനെ ഇസ്‌ലാമിക വിജയത്തിന്റെ താക്കോലാണെന്ന് പറയാറുണ്ടായിരുന്നു. ഖിലാഫത്ത് വ്യവസ്ഥിതി ഇൻശാഅല്ലാഹ് നിലനില്ക്കുമെന്ന് എപ്പോഴും പറയുമായിരുന്നു.' ലജ്ന സ്വദ്ർ എഴുതുന്നു: നൂറുക്കണക്കിന് ഫോൺകോളിലൂടെയും കത്തുകളിലൂടെയും ഈ സന്ദേശം എത്തിക്കാനും മനസ്സിലാക്കിക്കൊടുക്കാനും ശ്രമിച്ചിരുന്നു.

2008 മാർച്ച് 23ന് മസീഹ് മൗഊദ് ദിനത്തിൽ അവർ ലജ്നയ്ക്ക് നല്കിയ സന്ദേശം ഇതായിരുന്നു: 'ഈ വർഷം 2008 ജനുവരി ഒന്നിന് മുഴുലോകത്തും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവർ തങ്ങളുടെ മസ്ജിദുകളിലും മിഷൻ ഹൗസുകളിലും സംഘടിച്ചു. നന്ദി എന്ന നിലയിൽ തഹജ്ജുദ് നമസ്കരിച്ചു. നമ്മൾ അങ്ങനെ എന്തുകൊണ്ട് ചെയ്യാതിരിക്കില്ല. ഈ വർഷത്തിലാണല്ലോ നമ്മുടെ പ്രിയങ്കരനായ മസീഹ് മൗഊദ്(അ)ന്റെ പ്രിയപ്പെട്ട ഖിലാഫത്ത് സ്ഥാപിതമായി നൂറുവർഷം തികഞ്ഞിട്ടുള്ളത്.' ആലിയ സാഹിബ എഴുതുന്നു: 'എന്റെ അല്ലാഹുവേ! അഹ്മദിയ്യത്തിന്റെ വഴിയിലുള്ള എല്ലാ തടസ്സങ്ങളും അകറ്റിയാലും. നീ വാഗ്ദാനം ചെയ്ത വാഗ്ദാനം ഞങ്ങൾക്ക് കാണിച്ചുതന്നാലും. ഞങ്ങളുടെ മസീഹ് മൗഊദ്(അ) ഈ ജമാഅത്തിന് അടിത്തറയിട്ടു. ഞങ്ങളെല്ലാവരേയും കൂട്ടിയിണക്കി ഒരു ശരീരമാക്കി. അതുകൊണ്ടാണ് അഹ്മദികളായ ഞങ്ങൾ പരസ്പരം വേദനകൾ പങ്കിടുന്നത്. പരീക്ഷണങ്ങളിൽ പരസ്പരം സഹായിക്കുന്നത്. പരസ്പരം ദുആ ചെയ്യുന്നത്. ഒരാളുടെ സന്തോഷത്തിൽ മറ്റുള്ളവരും സന്തോഷിക്കുന്നു. ഒരാളുടെ പ്രയാസത്തിൽ മറ്റുള്ളവരും വിഷമിക്കുന്നു. ഞങ്ങൾ ദൈവകൃപയാൽ ഒന്നാണ്.' പിന്നീട് അവർ തന്റെ സന്ദേശത്തിലെഴുതി: അത് നവഅഹ്മദികൾക്കും അവിടെത്തെ എല്ലാ ലജ്നയ്ക്കും നല്കിയതാണ്, 'എന്നിൽ അല്ലാഹുവിന്റെ പ്രത്യേക ഫള്ലാണുള്ളത്; ഞാൻ ഭാഗ്യവതിയാണ്, ഞാൻ ജമഅത്തിന്റെ അഭിവൃദ്ധി എന്റെ ജീവിതത്തിൽ കണ്ടു. നമ്മുടെ ജമാഅത്തിനെ, ഇസ്‌ലാമിന്റെ പ്രചാരണത്തിനും സേവനത്തിനും വേണ്ടി തിരഞ്ഞെടുത്തുവെന്നത് നമ്മളിലുള്ള അല്ലാഹുവിന്റെ ഉദാരതയാണ്. നമുക്ക് എല്ലാ ആഴ്ചയും കാലത്തിന്റെ ഖലീഫയുടെ ശബ്ദം കേൾക്കാവുന്നതാണ്. അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ച് പ്രവർത്തിച്ച് ദീനിന്റേയും ദുൻയാവിന്റേയും അഭിവൃദ്ധി പ്രാപിക്കാവുന്നതാണ്.' അവസാനം അവരെഴുതി: 'ഞാൻ ദുആ ചെയ്യുന്നു. എന്റെ മൗലാ! ഇസ്‌ലാമിന്റെ വിജയത്തിന് തടസ്സമായി നില്ക്കുന്ന എല്ലാ തടസ്സങ്ങളും അകറ്റിയാലും. ഞങ്ങളുടെ സത്തയെ നിന്റെ ദീനിന്റെ ശരിയായ ഫോട്ടോ പ്രദർശിപ്പിക്കുന്നതാക്കിയാലും. ഞങ്ങൾക്ക് ധാരാളം നാസ്വിറുദ്ദീൻമാരെ നല്കിയാലും.' ഇപ്രകാരംതന്നെ ലജ്നയെ പ്ര

ത്യേകിച്ചും അമേരിക്കയിലെ അവസ്ഥകളിൽ നിന്നുവരുന്ന ആഫ്രിക്കൻ അമേരിക്കനായിട്ടുള്ള പുതുഅഹ്മദികളെ സംഘടിപ്പിക്കുന്നതിൽ വലിയ പങ്കാണ് അവർക്കുള്ളത്.

അവരുടെ മകൻ പീറ്റ്സ്ബർഗ് ജമാഅത്തിന്റെ സദ്ർ ഉമർ ശഹീദ് സാഹിബ് എഴുതുന്നു: 'എന്റെ മാതാപിതാക്കൾ അഹ്മദിയ്യാ ജമാഅത്തും ഖിലാഫത്തും മുഖേന ഇസ്ലാമിന്റെ പ്രതിരോധനിരയിലെ പട്ടാളക്കാരായിരുന്നു. എന്റെ മാതാവ് സ്ഥിരമായി അങ്ങയ്ക്ക് കത്തെഴുതാറുണ്ടായിരുന്നു. എന്നോടും കത്തെഴുതാൻ പറയുമായിരുന്നു.' തുടർന്നെഴുതുന്നു: 'ഞാനും എന്റെ മകളും പരേതയുടെ കാലടിപാടുകളിലൂടെ നടക്കുന്നവരാകാൻ ദുആ ചെയ്താലും. ജമാഅത്തിലെ ആളുകൾ എത്രയധികം എന്റെ മാതാവിനെ സംബന്ധിച്ച് തങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിച്ചുവോ, എനിക്ക് അതിനെക്കുറിച്ച് മുമ്പേ അറിയുമായിരുന്നില്ല; ജമാഅത്തിൽ ഇത്ര വിപുലമായ നിലയിൽ അവരെ സ്നേഹിക്കുന്നവരും വിശ്വാസഐക്യമു ള്ളവരും ഉണ്ടെന്ന്!

അവിടെത്തെ മറ്റൊരു തദ്ദേശ അഹ്മദി അമേരിക്കൻ സിസ്റ്റർ ആലിയ അസീസ് ലോർഡ് പറയുന്നു: 'ഇസ്ലാം അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം അവർ–ആലിയ ശഹീദ് അഹ്മദ്–അഹ്മദി എന്ന നിലയിൽ ഒരു മാതൃകാജീവിതം നയിച്ചു. അവർ സെക്രട്ടറി തഅ്ലീം ആയിരുന്നപ്പോൾ, അവർ കാരണത്താൽ അവർ നടത്തിയ തഅ്ലിം ടെസ്റ്റിൽ തോൽക്കുന്നത് ആരും ഇഷ്ടപ്പെട്ടിരുന്നില്ല. അതുകൊണ്ട് ഞങ്ങളെല്ലാവരും ചേർന്ന് പരീക്ഷയ്ക്ക് തയ്യാറെടുത്തിരുന്നു.' പറയുന്നു: 'പ്രായത്തിൽ എന്നെക്കാൾ ഒരുപാട് മുതിർന്നതായിരുന്നു. പക്ഷേ, എങ്കിലും ഞാനുമായി സുഹൃത്പരമായ ബന്ധമാണുണ്ടായിരുന്നത്. ഒരുകാര്യം ഞാൻ അവരിൽ കണ്ടിരുന്നു. എപ്പോഴെങ്കിലും, വൈജ്ഞാനികമായ എന്തെങ്കിലും കാര്യം ചോദിച്ചാൽ സ്വന്തം അഭിപ്രായം പറയുന്നതിനും, അവിടെത്തെയും ഇവിടത്തേയും കാര്യം പറയുന്നതിനും പകരം ഇസ്ലാമികാധ്യാപനമനുസരിച്ച് മറുപടി നല്കുമായിരുന്നു. അല്ലാഹുവിനോടു അവർക്ക് ദൃഢമായ ബന്ധമായിരുന്നു. അക്കാരണത്താൽ ആളുകൾ നിർഭയരായി അവരുടെ അടുത്ത് ചെല്ലുമായിരുന്നു.'

ഒരു അമേരിക്കൻ തദ്ദേശ അഹ്മദിയാണ് ഹാമിദ് മുനീർ സാഹിബിന്റെ ഭാര്യ സിസ്റ്റർ ജമീല ഹാമിദ്. അവരെഴുതുന്നു: 'എന്നെ വളരെ ഇഷ്ടപ്പെട്ടിരുന്നു. നിന്നോട് എനിക്ക് വളരെ ഇഷ്ടമാണെന്ന് എപ്പോഴും പറയുമായിരുന്നു. എന്റെ മാതാവ് മരിച്ചപ്പോൾ അവർ എനിക്ക് സ്നേഹനിർഭരമായ കത്തെഴുതി. അക്കാരണത്താൽ എനിക്ക് മരണത്തിന്റെ തത്ത്വം മനസ്സിലാക്കാൻ സഹായം ലഭിച്ചു. മലക്കിനെപ്പോലുള്ള സ്ത്രീയായിരുന്നു. സഹായവും അഭിപ്രായവും ആവശ്യം വരുമ്പോൾ അവരെ ഒരു ഫോൺകോളിന്റെ അകലത്തിൽ കണ്ടു. ജീവിതത്തിന്റെ ഉദ്ദേശ്യം ജമാഅത്തിന് സേവനം ചെയ്യുക എന്നതാണെന്ന് എപ്പോഴും പറയുമായിരുന്നു. ഖലീഫയെ സ്നേഹിക്കുക. ഇതാണ് ഇക്കാലഘട്ടത്തിൽ അല്ലാഹുവിന്റെ പാശം. അവരുടെ സമ്പൂർണമായ ദൃഢവിശ്വാസവും അല്ലാഹുവിനോടുള്ള അഗാധമായ സ്നേഹവും ഞാനെപ്പോഴും അസൂയാദൃഷ്ടിയോടെയാണ് നോക്കിക്കണ്ടിരുന്നത്. ഒരിക്കൽ ഞാൻ അവരോടു ചോദിച്ചു. 'മരണത്തോടു പേടി തോന്നുന്നുണ്ടോ?' അവർ പറഞ്ഞു: 'പോകേണ്ടത് പ്രിയപ്പെട്ടവന്റെ അടുക്കലേക്കാണല്ലോ. പിന്നെ എന്തിന് ഭയപ്പെടണം.' അവർക്ക് ഇസ്ലാമിന്റേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശത്തിന്റേയും അഗാധജ്ഞാനമുണ്ടായിരുന്നു. അത് ആയുസ്സുകാലം മുഴുവൻ അവർ ആളുകൾക്കെത്തിച്ചു.

മറ്റൊരു തദ്ദേശ അമേരിക്കൻ അഹ്മദിയാണ് ഡോക്ടർ റശീദ അഹ്മദ്. അവർ പറയുന്നു: 'അവർ സ്വയം ഇസ്ലാമികാധ്യാപനങ്ങളനുസരിച്ച് കണിശമായും കർമങ്ങൾ ചെയ്തിരുന്നു. പക്ഷേ, മറ്റുള്ളവരെ വളരെ സ്നേഹത്തോടെ ഉപദേശിച്ചിരുന്നു. അവരുടെ എല്ലാ അനക്കമടക്കത്തിലും ദൈവസ്നേഹം തിളങ്ങിയിരുന്നു.' പറയുന്നു: 'എനിക്ക് ഒന്നിലധികം പ്രാവശ്യം അവരുടെ വീട്ടിൽ പാർക്കാൻ അവസരമുണ്ടായിട്ടുണ്ട്. ഞങ്ങൾ ഒരുമിച്ചു നമസ്കരിച്ചിരുന്നു. വിശുദ്ധഖുർആൻ പാരായണം ചെയ്തിരുന്നു. അതിനുശേഷം അവർ ഖലീഫമാർ അയച്ചിട്ടുള്ള കത്തുകൾ വലിയ സ്നേഹത്തോടും പ്രിയത്തോടും കൂടി കാണിച്ചിരുന്നു. ഖിലാഫത്തിനോടുള്ള അവരുടെ സ്നേഹത്തിന്റെ അളവ് അവർ എഴുതിയിട്ടുള്ള കവിതകളിൽനി ന്നും അവരുടെ ഗ്രന്ഥങ്ങൾ കേട്ടും നല്ലവണ്ണം മനസ്സിലാകുമായിരുന്നു. അവർ കവിതകൾ രചിക്കുമായിരുന്നു. വലിയ ക്ഷമാശീലയായിരുന്നു. എല്ലാ മാസവും ഫോൺ ചെയ്ത് അവരുടെ വിവരം അന്വേഷിക്കുമായിരുന്നു. ആരോഗ്യത്തിനുണ്ടാകുന്ന ക്ഷീണത്തെ സംബന്ധിച്ച് പറയുമ്പോൾ പരാതിപ്പെടുമായിരുന്നില്ല. എപ്പോഴും അല്ലാഹുവിന്റെ ഔദാര്യങ്ങളെ കുറിച്ച് പറയുകയും നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുമായിരുന്നു.'

മറ്റൊരു തദ്ദേശ അമേരിക്കൻ അഹ്മദിയാണ് സിസ്റ്റർ അസീസ. അൽഹാജ് റശീദിന്റെ ഭാര്യയാണ്. അവർ പറയുന്നു: 'സിസ്റ്റർ ആലിയ ശഹീദ് സാഹിബ 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നതിന്റെ ശാരീരികമായ ചിത്രമായിരുന്നു. അവർ മറ്റൊരു നഗരത്തിലാണ് താമസിച്ചിരുന്നതെങ്കിലും എന്റെ മാതാവുമായി അവർക്ക് വളരെ സുഹൃത്ത്ബന്ധമായിരുന്നു. എന്റെ മാതാവ് മരിച്ചതിനുശേഷം അവർ ഈ ബന്ധം നിറുത്തിയില്ല. ഞാനെപ്പോൾ അലസയാകുന്നുവെന്ന് ആലിയ സാഹിബക്ക് അറിയുന്നതുകൊണ്ടായിരിക്കാം എനിക്ക് ഉടനെ ഈമാൻ ദൃഢീകരിക്കുന്ന കത്ത് അയക്കാറുള്ളതെന്ന് എനിക്ക് തോന്നാറുണ്ടായിരുന്നു.'

മറ്റൊരു ലജ്ന അംഗം ഖല്ലത്ത് സാഹിബ എഴുതുന്നു: '1949–ൽ ഞാൻ ആദ്യമായി അമേരിക്കയിൽ വന്നപ്പോൾ ആലിയ സാഹിബയെ പരിചയപ്പെട്ടു. എനിക്ക് അന്ന് 8 വയസ്സായിരുന്നു. വളരെയേറെ സ്നേഹിക്കുന്നവരും വിനീതയുമായിരുന്നു. ഖിലാഫത്തിനോടു ദീർഘമായതും ഉറച്ചതുമായ ബന്ധമായിരുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)മായിട്ടുള്ള കത്തിടപാടുകളെ കുറിച്ച് എപ്പോഴും പറയുമായിരുന്നു. അമേരിക്കയിലെ ലജ്ന ഇമാഇല്ലായ്ക്കുവേണ്ടി അവർ ചെയ്ത സേവനം ഒരിക്കലും വിസ്മരിക്കാൻ പറ്റാത്തതാണ്. അത്ഭുതകരമായ ആത്മീയവ്യക്തിത്വമായിരുന്നു. നൂറുവയസുണ്ടായിരുന്നിട്ടും ജൽസയിൽ പങ്കെടുക്കുമായിരുന്നു. അതു നമുക്കെല്ലാം മാതൃകയാണ്.'

അല്ലാഹു അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ തലമുറകളിലും അവരിലുണ്ടായിരുന്ന ആത്മാവും ദീനീസേവനത്തിനുള്ള വികാരവും ഉണ്ടാക്കുമാറാകട്ടെ; അവരുടെ മകനും അതു പ്രകടിപ്പിക്കുകയുണ്ടായി.

(പേജ് 1ൽനിന്ന്)

## വാക്കും പ്രവൃത്തിയും ഒന്നായിരിക്കണം:

തന്റെ വാക്കും പ്രവൃത്തിയും എത്രത്തോളം യോജിച്ചുവരുന്നുണ്ടെന്ന് മനുഷ്യൻ നോക്കുന്നതിലാണ് അല്ലാഹുവിനോടുള്ള ഭയമുണ്ടാകുന്നത്. പിന്നെ അവന്റെ വാക്കും പ്രവൃത്തിയും സമമല്ലെന്ന് കണ്ടാൽ, ദൈവകോപത്തിന് പാത്രമാണെന്ന് മനസ്സിലാക്കിക്കൊള്ളുക. മനസ് അശുദ്ധവും വാക്കുകൾ എത്രമാത്രം പരിശുദ്ധവുമാണെങ്കിലും ആ മനസ്സിന് അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഒരു വിലയുമില്ല. എന്നല്ല ദൈവകോപം ജ്വലിച്ചുയരും. അതിനാൽ എന്റെ ജമാഅത്ത് മനസ്സിലാക്കുക: ബീജാവാപം ചെയ്യുന്നതിനാണ് അവർ എന്റെ അടുത്തുവന്നിട്ടുള്ളത്. അതു മുഖേന കായ്ക്കുന്ന മരമായിത്തീരാൻ! അതുകൊണ്ട് ഓരോരുത്തരും അവരുടെ ഉൾഭാഗം എങ്ങനെയുള്ളതാണെന്ന് ചിന്തിക്കുക. അവന്റെ ആന്തരികാവസ്ഥ എങ്ങനെയുള്ളതാണ്? നമ്മുടെ ജമാഅത്തും നാവിലൊന്നും മനസ്സിൽ വേറൊന്നും വെച്ചുപുലർത്തുന്നവരാണെങ്കിൽ പര്യവസാനം ശുഭകരമായിരിക്കുകയില്ല. മനസ് ശൂന്യമായിട്ടുള്ള ഒരു ജമാഅത്താണെന്നും വീരവാദം മാത്രമാണുള്ളതെന്നും അല്ലാഹു കാണുമ്പോൾ അവൻ ഗനിയാണ്; സ്വാശ്രയനാണ്. അവൻ അത് വകവെക്കുകയില്ല. ബദ്ർ യുദ്ധം വിജയിക്കുമെന്നുള്ള പ്രവചനം ഉണ്ടായിക്കഴിഞ്ഞിരുന്നു; എല്ലാവിധത്തിലും വിജയപ്രതീക്ഷയുണ്ടായിരുന്നു. പക്ഷേ, എന്നിട്ടും നബി(സ)തിരുമേനി കരഞ്ഞുകരഞ്ഞ് ദുആ ചെയ്തുകൊണ്ടിരുന്നു. ഹദ്റത്ത് അബൂബക്കർ(റ) ചോദിച്ചു: 'ജയിക്കുമെന്നുള്ള വാഗ്ദാനം നിലനില്ക്കെ ഇങ്ങനെ നിലവിളിക്കേണ്ട ആവശ്യമെന്താണ്?' നബി(സ)തിരുമേനി പറഞ്ഞു: 'അവൻ സ്വാശ്രയനാണ്; ദൈവവാഗ്ദാനത്തിൽ എന്തെങ്കിലും നിബന്ധനകൾ മറഞ്ഞിരിപ്പുണ്ടെങ്കിലോ.' (മൽഫൂദാത്ത്, വാള്യം 1, പേജ് 5–8)

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട

വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി,**
**കണ്ണൂർ 670 303.**
**ismayeel.ha@gmail.com-**

## നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

## 2016 മെയ് 11 ബുധനാഴ്ച

**റിപ്പോർട്ട് ലക്കം ആറിൽനിന്ന് തുടർച്ച**

**Sydsvenskan പത്രത്തിന്റെ പ്രതിനിധിയുമായി ഹുദൂറിന്റെ അഭിമുഖം:**

അതിനുശേഷം സൗത്തിലെ ഏറ്റവും വലിയ പത്രമായ Sydsvenskമിന്റെ പ്രതിനിധി ഹുദൂറിനെ ഇന്റർവ്യൂ ചെയ്തു. അദ്ദേഹം ഇന്റർവ്യൂവിന്റെ ആരംഭത്തിൽ പറഞ്ഞു: "ഹുദൂറിനെ കണ്ട് എനിക്ക് അതിയായ സന്തോഷമായി." അപ്പോൾ ഹുദൂർ അദ്ദേഹത്തിന് നന്ദി പറഞ്ഞു:

• പ്രതിനിധി: മാൽമോയിൽ നിർമിക്കപ്പെടുന്ന പു തിയ മസ്ജിദിനെ സംബന്ധിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?

ഹുദൂർ: ഞാൻ ആദ്യം ഇവിടെ മാൽമോയിൽ വന്നപ്പോൾ ഇവിടെ കൃഷിനിലമായിരുന്നു. എന്നാൽ, ഇപ്പോൾ ഞാൻ വന്നപ്പോൾ ഈ കൃഷിനിലത്തിൽ അങ്ങേയറ്റം മനോഹരമായ കെട്ടിടം നിർമിച്ചുകഴിഞ്ഞിരിക്കുന്നു. മസ്ജിദ് എന്നു പറയുന്ന അവിടെ ഞങ്ങൾ യഥാർഥ സ്രഷ്ടാവിനെ ആരാധിക്കുന്നതിനുവേണ്ടി സംഘടിക്കുന്നതാണ്. താങ്കൾക്ക് മതത്തിനോടു താൽപര്യമുണ്ടെങ്കിൽ താങ്കൾ ഇതുകണ്ട് വികാരഭരിതനാകുന്നതായിരിക്കും.

• പത്രപ്രതിനിധി: നിങ്ങൾക്കുവേണ്ടി, ജമാഅത്തിനുവേണ്ടി മാൽമോയിൽ മസ്ജിദ് നിർമിക്കേണ്ട ആവശ്യമെന്താണ്?

ഹുദൂർ: ഞങ്ങളുടെ ജമാഅത്ത് ഉള്ളിടത്തെല്ലാം മസ്ജിദ് നിർമിക്കാൻ ഞങ്ങൾ ശ്രമിക്കാറുണ്ട്. മാൽമോയിൽ എന്തെങ്കിലും പ്രത്യേക ഉദ്ദേശ്യത്തോടുകൂടി മസ്ജിദ് നിർമിക്കുന്നു എന്നതല്ല. മറിച്ച്, ഇവിടെ ധാരാളം അഹ്മദികൾ താമസിക്കുന്നുണ്ട്. തങ്ങൾ മാൽമോയിൽ മസ്ജിദ് നിർമിക്കാനാഗ്രഹിക്കുന്നുവെന്ന് അവർ പറഞ്ഞു. അവർ മസ്ജിദ് നിർമിച്ചു. ജർമനിയിലും നിങ്ങൾക്ക് കാണാൻ കഴിയും. വൻപട്ടണങ്ങളിലല്ല. ഇരുപത്തയ്യായിരമാളുകൾ വസിക്കുന്ന-അവിടെ അഹ്മദികളുമുണ്ട്- ചെറിയ ചെറിയ കസബകളിലും ഞങ്ങൾ മസ്ജിദ് നിർമിച്ചുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ കമ്മ്യൂണിറ്റിയുള്ള സ്ഥലങ്ങളിൽ അവർക്ക് ആരാധന നടത്തുന്നതിനുവേണ്ടി ഒരു സ്ഥലമുണ്ടാകുന്നതിന് ശ്രമിക്കുന്നു. ഭൂതകാലത്ത് ക്രിസ്ത്യാനികൾ അവരുടെ ആരാധനയ്ക്കുവേണ്ടി ചർച്ചുകൾ നിർമിച്ചിരുന്നതുപോലെതന്നെ.

• പ്രതിനിധി: ഇപ്പോഴും നിർമിക്കുന്നുണ്ട്!

ഹുദൂർ: വല്ലപ്പോഴുമൊക്കെ ഇപ്പോഴും നിർമിക്കുന്നുണ്ട്. ആഫ്രിക്കയിലാണ് കൂടുതലായി നിർമിക്കുന്നത്. യൂറോപ്പിനെ മറന്നതുപോലെയാണ്.

• നിങ്ങളുടെ മതവും മറ്റു മതങ്ങളും തമ്മിലുള്ള വ്യത്യാസമെന്താണ്?

ഹുദൂർ: ഞങ്ങൾക്ക് പുതിയ മതമൊന്നുമില്ല; ഇസ്ലാമിൽനിന്ന് വേറിട്ട ഒരു മതവുമല്ല. ഞങ്ങളും ഇസ്ലാമിന്റെ നബി മുഹമ്മദ്(സ)നെ വിശ്വസിക്കുന്നു. മറ്റു മുസ്ലിംകൾ വിശ്വസിക്കുന്ന വിശുദ്ധഖുർആനിൽ ഞങ്ങളും വിശ്വസിക്കുന്നു. വ്യത്യാസമിതാണ്. അവസാനകാലത്ത് മുസ്ലീംകൾ ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ മറന്നുപോകുമെന്നും ആ നേരത്ത് ഒരാൾ ദൈവത്തിൽനിന്ന് വെളിപ്പെടുമെന്നും നബി(സ) തിരുമേനി പ്രവചനം ചെയ്തിരുന്നു. നബി(സ)തിരുമേനി ചില അടയാളങ്ങളും പറഞ്ഞു. അവിടന്ന് പറഞ്ഞു: 'അദ്ദേഹം വെളിപെടുകയും വാദിക്കുകയും ചെയ്താൽ നിങ്ങൾ അടയാളങ്ങൾ നോക്കി അദ്ദേഹത്തിനെ തിരിച്ചറിയുക.' ഒരുപാട് അടയാളങ്ങൾ പറഞ്ഞിട്ടുണ്ട്. ആ വ്യക്തി വെളിപ്പെട്ടുകഴിഞ്ഞുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. നബി(സ)തിരുമേനി വിവരിച്ചിട്ടുള്ള അടയാളങ്ങൾ അനുസരിച്ച് അവസാനകാലത്ത് മീഡിയ വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒന്നായിത്തീരും. ചില ദൈവിക അടയാളങ്ങളും വെളിപെടും. സൂര്യനും ചന്ദ്രനും നിശ്ചയിക്കപ്പെട്ട നേരത്ത് ഗ്രഹണമുണ്ടാകും തുടങ്ങിയവ. ഈ അടയാളങ്ങൾ പുലർന്നുകഴിഞ്ഞതായി ഞങ്ങൾ ദൃഢമായും വിശ്വസിക്കുന്നു. ആ വ്യക്തി വെളിപ്പെട്ടുകഴിഞ്ഞിരിക്കുന്നു. മറ്റു മുസ്ലീംകൾ പറയുന്നത് വരാനുള്ള ആ വ്യക്തി അതായത് മസീഹ് ആകാശത്തിൽനിന്ന് ഇറങ്ങണമെന്നാണ്. ഞങ്ങൾ വിശ്വസിക്കുന്നത് ഓരോ മനുഷ്യനും ഈ ലോകത്ത് കുറച്ചു സമയം താമസിച്ച് മരിച്ചുപോകുമെന്നാണ്. ഞങ്ങളുടെ വിശ്വാസമനുസരിച്ച് മരിച്ചുപോയ ആരും ഈ ലോകത്തേക്ക് മടങ്ങിവരികയില്ല. ഏതൊരു വ്യക്തിയെ കുറിച്ചാണോ നബി(സ) തിരുമേനി പ്രവചനം ചെയ്തത് അത് നസ്റേത്തുകാരനായ മസീഹല്ല. മറിച്ച്, ആ മസീഹിന്റെ പ്രത്യേകതകൾ വഹിക്കുന്ന ഒരാളായിരിക്കും. ആ വ്യക്തി വന്നുകഴിഞ്ഞുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളും മറ്റു മുസ്ലിംകളും തമ്മിലുള്ള ഏറ്റവും വലിയ ഭിന്നത ഇതാണെന്ന് നിങ്ങൾക്ക് പറയാവുന്നതാണ്.

ഹുദൂർ പറഞ്ഞു: ഈ ഭിന്നത ഉണ്ടായിട്ടും സത്യമെന്താണെന്ന് തിരിച്ചറിഞ്ഞ് മുസ്ലീംകൾ ഞങ്ങളോടൊപ്പം ചേരുന്നു. 127 വർഷം മുമ്പേ 1889ൽ വാഗ്ദത്ത മസീഹ് താനാണെന്ന് വാദിച്ച വ്യക്തി, അദ്ദേഹത്തിന്റെ വാദത്തിന് 127 വർഷത്തിനുശേഷം ഇപ്പോൾ ആ വ്യക്തിയുടെ ജമാഅത്ത് ഏകദേശം 207 രാജ്യങ്ങളിലെത്തിക്കഴിഞ്ഞിരിക്കുന്നു. അദ്ദേഹം ഇഹലോകവാസം വെടിയുന്ന നേരത്തും നാലു ലക്ഷത്തിനടുത്ത് അനുയായികൾ അദ്ദേഹത്തിനുണ്ടായിരുന്നു. അക്കാലത്ത് ഇന്നത്തെപോലെ ഉപഗ്രഹവാർത്താ മാധ്യമങ്ങളും സൗകര്യങ്ങളും ഒന്നുമുണ്ടായിരുന്നില്ല. മുസ്ലിം മുല്ലാക്കൾ വലിയ ബഹളമുണ്ടാക്കിയിരുന്നെങ്കിലും അന്ന് അദ്ദേഹത്തിൽ വിശ്വസിച്ചിരുന്നവരിൽ അധികവും മുസ്ലീംകൾ തന്നെയായിരുന്നു. ചില രാജ്യങ്ങളിൽ ഞങ്ങളുടെമേൽ അക്രമം ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ഞങ്ങൾക്കെതിരിൽ നിയമങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. എങ്കിൽത്തന്നെയും മുസ്ലീംകളും മറ്റു മതങ്ങളുമായി ബന്ധം വെക്കുന്നവരും ഞങ്ങളുടെ ജമാഅത്തിൽ ചേർന്നുകൊണ്ടിരിക്കുന്നു.

• പ്രതിനിധി: നിങ്ങളുടെമേൽ പാക്കിസ്താനിൽ നിയന്ത്രണങ്ങളുണ്ട്?

ഹുദൂർ; അതു ശരിതന്നെയാണ്. പാക്കിസ്താനിൽ ഞങ്ങൾക്ക് മുസ്ലിമെന്ന് പറയാൻ സാധിക്കുകയില്ല. അഹ്മദി നിയമപരമായി അവിടെ അമുസ്ലിമാണ്.

• പാക്കിസ്താനിൽ അഹ്മദികളെ അപകടകാരി എന്ന് മനസ്സിലാക്കുന്നതെന്തുകൊണ്ടാണ്? അല്ലെങ്കിൽ അഹ്മദികൾക്കെതിരിൽ നിയമമുണ്ടാക്കാൻ പാക്കിസ്താന് അഹ്മദികളിൽനിന്ന് എന്തു ഭീഷണിയാണുള്ളത്?

ഹുദൂർ: ഞങ്ങൾ പാക്കിസ്താന് ഒരു ഭീഷണിയുമല്ല. പാക്കിസ്താനിലെ ആദ്യത്തെ വിദേശ കാര്യമന്ത്രി അഹ്മദിയായിരുന്നു. പാക്കിസ്താനിലെ അഹ്മദിപട്ടാളക്കാരിൽ ഒരു വലിയ സംഘം പാക്കിസ്താനുവേണ്ടി ശത്രുക്കളുമായി പോരാടി ജീവൻ ബലിയർപ്പിച്ചിട്ടുണ്ട്. അവരെ അക്കാലഘട്ടത്തിലെ സർക്കാർ മെഡലുകൾ നല്കി അനുഗ്രഹിച്ചിട്ടുണ്ട്. ഇപ്പോൾ കഴിഞ്ഞമാസം പാക്കിസ്താൻ സർക്കാരിനുവേണ്ടി പോരാടിക്കൊണ്ടിരുന്ന ഒരു അഹ്മദി പട്ടാളക്കാരൻ ഭീകരവാദികളുടെ കൈയാൽ ശഹീദായി. അദ്ദേഹത്തെ റബ്വയിലാണ് മറവ് ചെയ്തത്. അവിടെ ഭൂരിഭാഗവും അഹ്മദികളാണ്. സർക്കാർ പൂർണ ബഹുമതിയോടെയാണ് അദ്ദേഹത്തെ മറവടക്കിയത്. ഞങ്ങൾ തെറ്റാണ് ചെയ്യുന്നതെങ്കിൽ ഞങ്ങളെന്തിനാണ് പാക്കിസ്താനുവേണ്ടി ജീവത്യാഗം ചെയ്യുന്നത്. പാക്കിസ്താനുവേണ്ടി എന്തിനാണ് സേവനം ചെയ്യുന്നത്. പാക്കിസ്താനിലെ ആദ്യത്തെ നോബൽ സമ്മാന ജേതാവ് അഹ്മദിയായിരുന്നു. അദ്ദേഹത്തെ സിയാഉൽഹഖ് തന്നെയും പാക്കിസ്താനിയെന് അംഗീകരിച്ചിട്ടുണ്ട്. മറുഭാഗത്ത് സിയാഉൽഹഖുതന്നെയാണ് അഹ്മദികൾക്കെതിരിൽ കൂടുതൽ നിയമങ്ങൾ നടപ്പാക്കിയതും.

ഹുദൂർ പറഞ്ഞു: എവിടെയെങ്കിലും നേട്ടമുണ്ടെങ്കിൽ അവർ ഞങ്ങളെ നിയമം പാലിക്കുന്നവരും കൂറുള്ളവരുമായ പാക്കിസ്താനിയായി മനസ്സിലാക്കുന്നു. ഇതെല്ലാം തരംതാണ രാഷ്ട്രീയനേട്ടത്തിനുവേണ്ടിയാണ് ഇവർ ചെയ്യുന്നത്. ഇതിന്റെ ആരംഭം കുറിച്ചത് 1974-ൽ പാക്കിസ്താൻ പ്രധാനമന്ത്രിയായിരുന്ന ദുൽഫിഖർ അലി ഭൂട്ടോയുടെ കാലത്തായിരുന്നു. അതിനുശേഷം അ തിൽ മാർഷൽലോ അനുസരിച്ച് സിയഉൽഹഖ് വർധന നല്കി. ഇതെല്ലാം ഒന്നുകിൽ രാഷ്ട്രീയനേട്ടങ്ങൾക്കു വേണ്ടിയാണ്. അല്ലെങ്കിൽ മുല്ലാക്കമാരെ സന്തോഷിപ്പിക്കുന്നതിനും അവരെ തണുപ്പിക്കുന്നതിനും വേണ്ടിയാണ്.

• പ്രതിനിധി: അങ്ങ് മൂന്നാം ലോകമഹായുദ്ധത്തെക്കുറിച്ച് പറയുന്നതിനുവേണ്ടി ലോകം മുഴുവൻ യാത്ര ചെയ്യുകയും വിവിധ നേതാക്കന്മാരെ കാണുകയും അവർക്ക് കത്തെഴുതുകയും ചെയ്യുന്നു. ഇതിനെക്കുറിച്ച് എന്തെങ്കിലും പറയാമോ?

ഹുദൂർ: ഞാൻ ലോകം മുഴുവൻ യാത്ര ചെയ്യുന്നുവെന്നത് ശരിതന്നെയാണ്. പക്ഷേ, ഈ യാത്രയുടെ ഉദ്ദേശ്യം നേതാക്കളെ കാണുക എന്നതല്ല. മറിച്ച് ഞാനെന്റെ ജമാഅത്തിലെ ആളുകളെ കാണുന്നതിനുവേണ്ടിയാണ് യാത്ര ചെയ്യുന്നത്; അവരെ ഞാൻ സ്നേഹിക്കുന്നു, അവർ എന്നേയും സ്നേഹിക്കുന്നു. ഈ യാത്രകൾക്കിടയിൽ തദ്ദേശ ജമാഅത്തുകളിലെ സംഘാടകർ അവിടെ രാഷ്ട്രീയക്കാരേയും നേതാക്കന്മാരേയും പങ്കെടുപ്പിച്ച് മീറ്റിംഗിനുള്ള ഏർപ്പാടു ചെയ്യുകയോ അല്ലെങ്കിൽ വിവിധ രാഷ്ട്രീയക്കാരുമായി കൂടിക്കാഴ്ചയ്ക്കുള്ള അവസരം ഉണ്ടാക്കുകയോ ചെയ്താൽ ഞാൻ അവരേയും കാണുന്നു.

ഹുദൂർ പറഞ്ഞു: എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട കാര്യം ലോകത്തിന്റെ സമാധാനം തന്നെയാണ്. ഇതിനെ സംബന്ധിച്ച് ഒരുകാലമായി ഞാൻ സംസാരിച്ചുവരുന്നു. ഇക്കാരണത്താലാണ് ഞാൻ ലോകത്തിലെ വിവിധ രാജ്യങ്ങളിലെ നേതാക്കന്മാർക്ക് അമേരിക്ക, ബ്രിട്ടൻ, ചൈന, റഷ്യ, സഊദി അറേബ്യ, ഇറാൻ എത്രത്തോളമെന്നാൽ നമ്മളെല്ലാവരും ഒന്നിച്ച് ലോകസമാധാനത്തിനുവേണ്ടി ശ്രമിക്കണമെന്ന് പറഞ്ഞ് പോപ്പിനുവരെ കത്തുകൾ എഴുതിയത്.

• അങ്ങയുടെ പക്കൽ എന്തെങ്കിലും പരിഹാരമുണ്ടോ?

ഹുദൂർ: ഇതിനുള്ള പരിഹാരം ഞാൻ എല്ലാ

( ശേഷം പേജ് 12ൽ)

(പേജ് 2ൽനിന്ന്)

ഖമറുൽഅമ്പിയാ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ) വിവരിക്കുന്നു: 'നബി(സ)തിരുമേനി ചെയ്ത ചെറുതിൽ ചെറുതായ കാര്യമനുസരിച്ചുപോലും പ്രവർത്തിക്കുക എന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ രീതിയായിരുന്നു.'(സീറത്തുൽ മഹ്ദി, വാള്യം 2, പേജ് 492)

ഏതെങ്കിലും വ്യക്തിയുടെ ദാമ്പത്തിക ജീവിതത്തെ സംബന്ധിച്ച് അയാളുടെ അടുത്ത ബന്ധുക്കൾക്കാണ് നല്ല സാക്ഷ്യം പറയാൻ കഴിയുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഭാര്യാ സഹോദരൻ ഹദ്റത്ത് ഡോക്ടർ മീർമുഹമ്മദ് ഇസ്മായീൽ സാഹിബ് (റ) പറയുന്നു: എനിക്ക് ബോധംവച്ച കാലംമുതൽ ഹുദൂർ(അ) ഹദ്റത്ത് ഉമ്മുൽമുഅ്മിനോടു ദ്വേഷപ്പെടുന്നത് കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ല. എന്നല്ല ഒരു ഐഡിയൽ ദമ്പതികൾക്കുവേണ്ടതായ അവസ്ഥയാണ് എപ്പോഴും കണ്ടിട്ടുള്ളത്.'(സീറത്ത് ഹദ്റത്ത് സയ്യിദ നുസ്റത്ത് ജഹാൻ ബീഗം സാഹിബ, പേജ് 231).

തന്റെ ഭർത്താവ് ഹദ്റത്ത് ഠേക്കേദാർ സാഹിബ് വഫാത്തായതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീട്ടിൽ താമസിച്ചിരുന്ന അദ്ദേഹത്തിന്റെ ഭാര്യ മാഇ ഇമാം ബീബീ സാഹിബ പറയുന്നു: 'ഏതെങ്കിലും കാര്യത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ(റ) വെറുപ്പ് പ്രകടിപ്പിച്ചിരുന്നതായി ഞങ്ങൾ ഒരിക്കലും കണ്ടിട്ടില്ല. (അവിടന്ന് എപ്പോഴും) ഹദ്റത്ത് സാഹിബിനെ ആദരിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്തിരുന്നു.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഹദ്റത്ത് അമ്മാ ജാൻ(റ)നോടുള്ള പെരുമാറ്റം ഇക്കാലഘട്ടത്തിലെ സമ്പ്രദായത്തിനും ചുറ്റുപാടിനും എത്രമാത്രം വിരുദ്ധമായിരുന്നുവെന്നാൽ ഹദ്റത്ത് അബ്ദുൽകരീം സാഹിബ് പറയുന്നു: സാധാരണ നാട്ടുമ്പുറത്തുകാരായ സ്ത്രീകളിൽപ്പെട്ട വീട്ടിലുള്ളിലെ സേവകരായ സ്ത്രീകൾ കാലത്തിനും ചുറ്റുപാടിനും വിരുദ്ധമായ പെരുമാറ്റം കണ്ട് അത്ഭുതത്തോടെ, 'മിർസാ സാഹിബ് തന്റെ ഭാര്യ പറയുന്ന കാര്യം ഒരുപാട് സ്വീകരിക്കുന്നു' വെന്ന് അവർ പലപ്പോഴും അത്ഭുതത്തോടെ പറയുമായിരുന്നു. ഞാൻ തന്നെയും അവർ ഇങ്ങനെ പറയുന്നത് കേട്ടിട്ടുണ്ട്.

ഭാര്യയുമായുള്ള ബന്ധത്തെ കുറിച്ച് പറഞ്ഞുകൊണ്ട് ഉപദേശമെന്ന നിലയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'പുരുഷനായിക്കൊണ്ട് സ്ത്രീകളോടു യുദ്ധം ചെയ്യുന്നത് നമുക്ക് അങ്ങേയറ്റം നാണക്കേടായി തോന്നുന്നു. നമ്മെ അല്ലാഹു പുരുഷനായി സൃഷ്ടിച്ചിരിക്കുന്നു. ഇത് യഥാർഥത്തിൽ നമ്മളിൽ അനുഗ്രഹപൂർത്തീകരണമാണ്. ഇതിന്റെ നന്ദി എന്നുപറയുന്നത് സ്ത്രീകളോടു കാരുണ്യത്തോടും മൃദുലതയോടുംകൂടി പെരുമാറുക എന്നതാണ്.'(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ), പേജ് 45, ഹദ്റത്ത് ശേയ്ഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനീ)

ഹദ്റത്ത് അമ്മാ ജാൻ(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നല്ലവണ്ണം നോക്കിയിരുന്നു. പക്ഷേ, അതിഥികളുടെ ആധിക്യം നിമിത്തം ചിലപ്പോൾ ആഗ്രഹിക്കാതിരുന്നിട്ടും കുറവുപറ്റി പോകുമായിരുന്നു. ഇക്കാര്യം ഹുദൂർ(അ)നെ സ്നേഹിക്കുന്ന സ്വഹാബിമാർക്കും(റ)തോന്നിയിരുന്നു; ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് രോഗങ്ങളും കഠിനപ്രയത്നവും കാരണത്താൽ പ്രത്യേക ശ്രദ്ധയുടേയും ഭക്ഷണത്തിന്റേയും ആവശ്യമുണ്ടെന്ന്. അത്തരം ഒരു അവസരം വിവരിച്ചുകൊണ്ട് ഹദ്റത്ത് മൗലവി അബ്ദുൽകരീം സാഹിബ്(റ) ഒരു സംഭവം എഴുതിയിരിക്കുന്നു. പിന്നീട് മുർത്തദ്ദായിപോയ ലാഹോറിലെ മുൻശി അബ്ദുൽഹഖ് സാഹിബ് ഒരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു പറഞ്ഞു:

'അങ്ങയുടെ ജോലി വളരെ സൂക്ഷ്മമായിട്ടുള്ളതാണ്. അങ്ങയുടെ തലയിൽ നിർബന്ധ കടമകളുടെ ഭാരിച്ച ഭാരമാണുള്ളത്. അങ്ങ് ശരീരം സൂക്ഷിക്കേണ്ടതാണ്. പ്രത്യേകമായ നല്ലഭക്ഷണം അങ്ങയ്ക്കുവേണ്ടി എല്ലാദിവസവും തയ്യാറാക്കപ്പെടേണ്ടതാണ്.' അദ്ദേഹം പറഞ്ഞ ഇക്കാര്യത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ മറുപടി നല്കി:

'കാര്യം ശരിതന്നെയാണ്. നാം ഇടയ്ക്കിടെ പറഞ്ഞിട്ടുമുണ്ട്. എന്നാൽ, സ്ത്രീകൾ കുറച്ചു തങ്ങളുടേതായ പ്രവൃത്തികളിൽ എങ്ങനെ മുഴുകിയിരിക്കുന്നുവെന്നാൽ മറ്റു കാര്യങ്ങൾ തീരെ വകവെക്കുന്നില്ല.'

മുൻശി അബ്ദുൽഹഖ് സാഹിബ് ഇതു കേട്ടു പറഞ്ഞു: 'അതേ! അങ്ങ് ദ്വേഷത്തോടെ ഒന്നും പറയുന്നില്ല. അവരിൽ പേടി ഉണ്ടാക്കുന്നില്ല. എന്റെ അവസ്ഥ എന്താണെന്നാൽ, ഞാൻ ഭക്ഷണത്തിന് പ്രത്യേക ഏർപാടു ചെയ്യുന്നു. എന്റെ കല്പന പാലിക്കപ്പെട്ടില്ലെങ്കിൽ നാം വേറെ രീതിയിൽ വിവരമെടുക്കും.' ഇക്കാര്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് പ്രയോജനപ്പെടും എന്ന് വിചാരിച്ച് സ്നേഹാവേശത്താൽ ഹദ്റത്ത് മൗലവി അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി(റ)ഒന്നും ആലോചിക്കാതേയും ചിന്തിക്കാതേയും അക്കാര്യത്തെ പിന്തുണച്ചുകൊണ്ട് പറഞ്ഞു:'മുൻശി സാഹിബ് പറഞ്ഞ കാര്യം ശരിയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉം കഠിനമായി ഇക്കാര്യം ചെയ്യിക്കേണ്ടതാണ്.' ഹദ്റത്ത് മസീഹ് മൗഊദ്(അ)ചിരിച്ചുകൊണ്ടു പറഞ്ഞു:'നമ്മുടെ സ്നേഹിതന്മാർ അത്തരം സ്വഭാവങ്ങളിൽനിന്ന് വിട്ടു നില്ക്കേണ്ടതാണ്."

ഹദ്റത്ത് മൗലവി അബ്ദുൽകരീം സാഹിബ്(റ)പറയുന്നു: 'ഞാൻ എത്രമാത്രം നാണംകെട്ടുവെന്ന് അല്ലാഹുവിനെ അറിയൂ.'(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ), മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി(റ), പേജ് 18-19)

ഹദ്റത്ത് മസീഹ് മൗഊദ്(അ) കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിൽ ഉപദേശം നല്കിക്കൊണ്ടു പറയുന്നു:

'തന്റെ ഭാര്യയോടും ബന്ധുക്കളോടും നല്ല രീതിയിൽ പെരുമാറാത്തവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല.'

ഈ സെഷനിലെ രണ്ടാമത്തെ പ്രസംഗം നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ്യ വ അഹ്സർ ജൽസാഗാഹ് മൗലാനാ മുസഫ്ഫർ അഹ്മദ് നാസിറിന്റേതായിരുന്നു. 'അഞ്ചുനേര നമസ്കാരം, ദുആ, ഇസ്തിഗ്ഫാർ, ദൈവസ്മരണ തുടങ്ങിയവയുടെ പ്രാധാന്യം' എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗ വിഷയം. അദ്ദേഹം ഈ നാലു കാര്യങ്ങളും വിശുദ്ധ ഖുർആനിലെ ആയത്തുകളുടേയും തിരുഹദീഥുകളുടേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഖാമിസിന്റേയും നിർദേശങ്ങളുടേയും വെളിച്ചത്തിൽ അവതരിപ്പിച്ചു. നമസ്കാരത്തെ സംബന്ധിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ താഴെ കാണുന്ന ഉദ്ധരണി അദ്ദേഹം കേൾപിച്ചു:'ആദ്യകൂട്ടരുമായി ചേരുന്ന അവസാന കാലത്തെ ഈ ജമാഅത്തിലേയും അംഗങ്ങളുടെ നിർബന്ധ കടമയാണ് സ്വഹാബത്ത് ആരാധനയുടെ നിലവാരം ഉയർത്തിയതുപോലെ ആരാധനയുടെ നിലവാരം ഉയർത്തുക എന്നത്. വെറും ഭൗതികതയിൽ മുങ്ങിത്താണിരിക്കരുത്. തങ്ങളുടെ ഇത്രശതമാനമാളുകൾ നമസ്കാരക്കാരായി എന്നാണ് ഉപസംഘടനകളും ജമാഅത്തും നല്കുന്ന റിപ്പോർട്ടുകളിലുള്ളത്; 40%, 50%, 60% എന്നിങ്ങനെയാണ്. 100% ആളുകളേയും ആരാധകരാക്കാത്തിടത്തോളം നമ്മൾ സ്വസ്ഥരായി ഇരിക്കാൻ പാടില്ല. ജമാഅത്തു മാത്രമല്ല മറിച്ച് എല്ലാ ഓരോ വ്യക്തിയും താൻ ഏതവസ്ഥയിലാണുള്ളതെന്ന് ആത്മപരിശോധനടത്തേണ്ടതാണ്.' (ഖുത്ബ ജുമുഅ 15-4-2017)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് പറയുന്നു: മസ്ജിദുകൾക്കടുത്ത് താമസിക്കുന്നവർ അവരുടെ മസ്ജിദുകളിൽ അല്ലെങ്കിൽ നമസ്കാര സെന്ററുകളിൽ സ്ഥിരമായി നമസ്കരിക്കുന്നതിന് പ്രത്യേകിച്ചും സുബ്ഹി നമസ്കാരത്തിന് പോകേണ്ടതാണ്. ലോകത്തിലെ എല്ലാ രാജ്യത്തും ഇതിനുള്ള ശ്രമം ഉണ്ടായിരിക്കണം; മസ്ജിദുകളെ ജനസാന്ദ്രമാക്കുക. പ്രത്യേകിച്ചും ഭാരവാഹികളും ഉദ്യോഗസ്ഥരും വാഖ്ഫീനെ സിന്ദഗിയും ഇതിലേക്ക് ശ്രദ്ധിക്കുകയാണെങ്കിൽ നമസ്കാരത്തിലെ ഹാജർനില വളരെയധികം ഉയരുന്നതാണ്.' (ഖുത്ബ ജുമുഅ 15-4-2016)

ദുആയെ സംബന്ധിച്ച് അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങൾ സമർപിച്ചുകൊണ്ടു പറഞ്ഞു:

ദിവ്യജ്ഞാനം (മഅ്രിഫത്ത്) ലഭിച്ചശേഷവും ദിവ്യാനുഗ്രഹത്തിലൂടെയും ചെയ്യുന്ന പ്രാർഥന മറ്റൊരു നിറത്തിലും മറ്റൊരവസ്ഥയിലും ഉള്ളതാകുന്നു. അത് സ്വയം നാശം വരുത്തുന്ന ഒന്നാകുന്നു. അത് ആത്മാവിനെ ഉരുക്കിക്കളയുന്ന തീയാകുന്നു. അത് അനുഗ്രഹത്തെ (റഹ്മത്തിനെ) ആകർഷിച്ചടുപ്പിക്കുന്ന കാന്തശക്തിയാകുന്നു. അത് ജീവൻ നൽകുന്ന ഒരുതരം മരണമാകുന്നു. അതൊരു രക്ഷാനൗകയായി മാറുന്ന ഉഗ്രഹമായ പ്രളയമാകുന്നു. എല്ലാ ദുഷിച്ച കാര്യങ്ങളും അതിൽ ഉടലെടുക്കുകയും എല്ലാ വിഷവും അതുമുഖേന ഒടുവിൽ അമൃതമായി മാറുകയും ചെയ്യുന്നു.

പ്രാർഥനയിൽ തളർച്ച പറ്റാത്ത തടവുപുള്ളി അനുഗ്രഹിക്കപ്പെട്ടവനത്രെ. എന്തെന്നാൽ ഒരു നാൾ അയാൾ മോചനം പ്രാപിക്കുന്നു. ദുആകളിൽ ആലസ്യം കാട്ടാത്ത അന്ധനും അനുഗൃഹീതനാകുന്നു. എന്തെന്നാൽ ഒരുനാൾ അയാൾക്ക് കാഴ്ച ലഭിക്കുമാറാകുന്നു. ഖബ്റുകളിലായിരിക്കെ പ്രാർഥനകളിൽ മുഴുകി ദൈവസഹായം കാംക്ഷിക്കുന്നവർ അനുഗൃഹീതരാകുന്നു. എന്തെന്നാൽ ഒരു നാൾ ഖബ്റുകളിൽനിന്ന് പുറത്തുവരുമാറാകുന്നു.

പ്രാർഥനയിൽ ഒരിക്കലും ആലസ്യം കാട്ടാതിരിക്കുമ്പോൾ നിങ്ങൾ അനുഗൃഹീതരാകുന്നു. നിങ്ങളുടെ ആത്മാവ് പ്രാർഥനയ്ക്കായി ഉരുകുകയും നിങ്ങളുടെ നയനങ്ങളിൽനിന്നു കണ്ണീരൊലിക്കുകയും നിങ്ങളുടെ നെഞ്ചകത്ത് ഒരു അഗ്നി അങ്കുരിക്കുകയും ചെയ്യുന്നു. അതു ഏകാന്തതയുടെ രുചി അറിയിക്കുന്നതിനു ഇരുട്ടുള്ള മുറികളിലേക്കും വിജനമായ വനങ്ങളിലേക്കും നിങ്ങളെ കൊണ്ടെത്തിക്കുന്നു. അത് നിങ്ങളെ അസ്വസ്ഥരും ഭ്രമിതചിത്തരും ആക്കിമാറ്റുന്നു. അങ്ങനെയാണ് ഒടുവിലായി നിങ്ങളിൽ അനുഗ്രഹം ചൊരിയപ്പെടുക. ഞാൻ നിങ്ങളെ ഏതൊരു ദൈവത്തിലേക്ക് വിളിക്കുന്നുവോ അവൻ അങ്ങേയറ്റം ഉദാരനും കാരുണ്യവാനും ആകുന്നു. അവൻ ലജ്ജാലുവും സത്യസന്ധനും കൂറുള്ളവനും വിനയം കാട്ടുന്നവരിൽ കരുണ ചൊരിയുന്നവനും ആകുന്നു. അതിനാൽ, നിങ്ങളും കൂറുള്ളവരായിരിക്കുവിൻ. പൂർണ്ണമായ സത്യസന്ധതയോടും കൂറോടും കൂടി പ്രാർഥിക്കുവിൻ. അവൻ കാരുണ്യം

ചൊരിയാൻവേണ്ടി നിങ്ങൾ ഈ ലോകത്തിലെ ആരവങ്ങളിൽനിന്നും ആഘോഷങ്ങളിൽനിന്നു മെല്ലാം അകന്നിരിക്കുവിൻ. നിങ്ങൾ തമ്മിലുള്ള വ്യക്തിപരമായ കലഹങ്ങളുടെ നിറം ദീനിന്റെ കാര്യങ്ങൾക്ക് നിങ്ങൾ നൽകാതിരിക്കുവിൻ. അല്ലാഹുവിനുവേണ്ടി നിങ്ങൾ പരാജയം കൈവ രിക്കുകയും തോറ്റുകൊടുക്കുകയും ചെയ്യുവിൻ. വലിയ വലിയ വിജയങ്ങൾക്ക് നിങ്ങൾ അവകാ ശികളായിത്തീരാൻ വേണ്ടിത്തന്നെ. പ്രാർഥന നടത്തുന്നവർക്കായിട്ടു അല്ലാഹു അത്ഭുതദൃ ഷ്ടാന്തം (മുഅ്ജിസ) കാണിക്കും. ചോദിക്കുന്ന വർക്കായിട്ടു അല്ലാഹു അനിതരസാധാരണമായ അനുഗ്രഹ ദൃഷ്ടാന്തം (ഖാരിക്ക്) നൽകും. പ്രാ ർഥന ദൈവത്തിൽനിന്നു വരുന്നു. അതു അവ നിലേക്കുതന്നെ തിരിച്ചുപോകുന്നു. പ്രാർഥന മൂലം ദൈവം നിങ്ങളുടെ അടുക്കലേക്ക് വരു ന്നു; നിങ്ങളുടെ ജീവന്റെ അടുത്തോളംതന്നെ. മനുഷ്യനിൽ പരിശുദ്ധമായ പരിവർത്തനം ഉണ്ടായിത്തീരുന്നു എന്നതാണ് പ്രാർഥനയു ടെ ഒന്നാമത്തെ അനുഗ്രഹം. പിന്നെ, ആ പ രിവർത്തനത്തോടെ അല്ലാഹുവും അവന്റെ ഗുണങ്ങളിൽ ഒരു പരിവർത്തനം ഉണ്ടാക്കുന്നു. അവന്റെ ഗുണങ്ങൾ (സിഫാത്ത്) മാറ്റമില്ലാത്ത താണെങ്കിലും മാറ്റമുണ്ടാക്കുന്നവർക്കുവേണ്ടി അവൻ കാണിക്കുന്ന മറ്റൊരു പ്രത്യേകമായ ദ്യുതിവിലാസവും ഉണ്ട്. അതുപക്ഷേ, ഈ ലോകത്തിന്നറിഞ്ഞുകൂടാത്തതാണ്. അവൻ മ റ്റൊരു ദൈവം എന്നപോലെ വെളിപ്പെടും; യ ഥാർഥത്തിലോ വേറൊരു ദൈവം ഇല്ലതാനും! എന്നാൽ, പുതിയൊരു മിന്നാട്ടം (തജല്ലി) പുതി യൊരു രീതിയിൽ അവനെ വെളിപ്പെടുത്തും. അപ്പോൾ ആ സവിശേഷമായ മിന്നാട്ടത്തിന്റെ പ്രഭാവായ്പിൽ, മറ്റുള്ളവർക്കൊന്നുംവേണ്ടി ചെ യ്തുകാണിക്കാത്ത പുതിയൊരു വേല മാറിക്ക ഴിഞ്ഞ ആ മനുഷ്യനുവേണ്ടി അവൻ ചെയ്തു കാണിക്കുന്നു. അതു തന്നെയാണ് 'ഖാരിക്ക്' അഥവാ അസാധാരണമായ അത്ഭുതദൃഷ്ടാ ന്തം.'(ലക്ചർ സിയാൽക്കോട്ട്, റൂഹാനീ ഖസാ ഇൻ വാള്യം20, പേജ് 222).

ഇസ്തിഗ്ഫാറിനെ സംബന്ധിച്ച് അദ്ദേഹ ത്തിന്റെ പ്രസംഗത്തിൽനിന്നുള്ള രണ്ടു ഉദ്ധരണി കൾ സമർപ്പിക്കുകയാണ്. ഹദ്റത്ത് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹ്) പറയുന്നു: 'ലോകം മുഴുവൻ ഇസ്ലാമിന്റെ പ താക ഉയർത്തുക എന്നതാണ് നമ്മുടെ ജമാ അത്തിന്റെ ചുമതല. ഇത്രവലിയ ചുമതല നി ർവഹിക്കുന്നതിന് നമ്മുടെ മാനുഷികമായ എല്ലാ ദൗബല്യങ്ങളും വെളിപ്പെടാതെ അല്ലാ ഹുവിന്റെ മഗ്ഫിറത്തിന്റെ ചാദുറിന്റെ അടിയിൽ അമർന്നിരിക്കേണ്ടത് നിർബന്ധമാണ്. ഈ നി ർബന്ധ കടമ നിറവേറ്റുന്നതിന് ജമാഅത്തിലെ മുഴുവൻ പുരുഷന്മാരും സ്ത്രീകളും ദിവസവും കുറഞ്ഞത് 100 പ്രാവശ്യവും 25 വയസ്സിനും 15 വയസ്സിനുമിടയിലുള്ളവർ 33 പ്രാവശ്യവും 15 വയസ്സിനും 07 വയസ്സിനുമിടയിലുള്ളവർ 11 പ്രാ വശ്യവും 07 വയസ്സിനു താഴെയുള്ളവർ നിത്യ വും കുറഞ്ഞത് 3 പ്രാവശ്യവും ഇസ്തിഗ്ഫാർ ചെയ്യേണ്ടതാണ്.'(ഖുത്ബ ജമുഅ 28-6-1968, ഖുത്ബാത്തെ നാസിർ വാള്യം 2 പേജ് 202)

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: 'ശയ് ത്വാൻ ആക്രമണം നടത്തുകയും വഴിപിഴപ്പിക്കാ ൻ ഉദ്ദേശിക്കുകയും ചെയ്യുമ്പോൾ ധിക്കരിക്കുക എന്നും ഇന്നയിന്ന തിന്മകൾ ചെയ്യുക എന്നും പരസ്യമായി പറയുകയില്ല. പ്രത്യുത നന്മക ളുടെ മറവിൽ തിന്മകളിലേക്ക് കൊണ്ടുപോ കുകയാണ് ചെയ്യുന്നത്. അതിനാൽ ശയ്ത്വാ ന്റെ സ്നേഹത്തെ സ്നേഹമെന്നു മനസ്സിലാ ക്കി ജീവിതത്തിൽ പ്രവേശിപ്പിക്കരുത്. മറിച്ച് എപ്പോഴും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട് അല്ലാഹുവിന്റെ അഭയത്തിൽ വരാൻ എപ്പോഴും മുഴുവൻ അഹ്ദികളും ശ്രമിക്കേണ്ടതാണ്. ശയ് ത്വാനിൽനിന്ന് രക്ഷപ്പെടാനുള്ള ഏറ്റവും വലിയ അഭയകേന്ദ്രം അല്ലാഹുതന്നെയാണ്. നശിച്ചിരി ക്കുന്ന ഈ ലോകത്ത് ഇസ്തിഗ്ഫാർ ചെയ്തു കൊണ്ട് അല്ലാഹുവിന്റെ അഭയത്തിൽവരാൻ ശ്രമിക്കേണ്ടതാണ്. കാരണം അല്ലാഹുവിന്റെ അഭയത്തിൽ മനുഷ്യനു വരാൻ പറ്റുന്ന മാർഗം ഇസ്തിഗ്ഫാർ തന്നെയാണ്.'(ഖുത്ബ ജുമുഅ 20-5-2015)

ഈ സെഷനിലെ മൂന്നാമത്തേയും അവസാ നത്തേയും പ്രസംഗം നാളിം ഇർശാദ് വഖ്ഫെ ജദീദ് ഖാദിയാൻ സുൽത്വാൻ അഹ്മദ് സാഹിബ് സഫ്റിന്റേതായിരുന്നു. 'ദൈവ സരണിയിലുള്ള ഖിലാഫത്ത്-യഥാർഥ ദൈവ പദ്ധതിയും അതി ന്റെ അനുഗ്രഹങ്ങളും' എന്നതായിരുന്നു അദ്ദേ ഹത്തിന്റെ വിഷയം. അദ്ദേഹം ഖിലാഫത്തിന്റെ അനുഗ്രഹങ്ങളെ കുറിച്ച് പറഞ്ഞു. അല്ലാഹു പ റയുന്നു: *വലയുമക്കിനന്ന ലഹും ദീനഹുമുല്ല ദിർത്തളാ ലഹും* അവർക്കായി അവൻ തൃപ്തി പ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊ ടുക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ജൂലായ് 2017 മുതൽ ജൂൺ 2018 വരെ അഹ്മദിയ്യാ ജമാഅത്തിന്റെമേൽ അല്ലാഹു വിൽനിന്നിറങ്ങിയ അനുഗ്രഹങ്ങൾ വിവരിച്ചു. അദ്ദേഹം പറഞ്ഞു:

- കഴിഞ്ഞ വർഷം പുതിയതായി രണ്ടു രാജ്യത്ത് അഹ്മദിയ്യാ ജമാഅത്ത് രൂപീകരിച്ചു. അങ്ങനെ 2012 രാജ്യങ്ങളിൽ അഹ്മദിയ്യാ ജമാ അത്ത് വ്യാപിച്ചിരിക്കുന്നു.
- ഇതുവരെ 75 ഭാഷകളിൽ വിശുദ്ധ ഖുർ ആനിന്റെ തർജമ പ്രസിദ്ധീകരിച്ചു കഴിഞ്ഞിരി ക്കുന്നു.
- 180 മിഷൻഹൗസുകൾ വർധിച്ചു. ഇപ്പോൾ ലോകത്ത് മൊത്തം 2826 മിഷൻ ഹൗസുക ളുണ്ട്.
- ഈ വർഷം 411 മസ്ജിദുകളാണ് വർധിച്ച ത്. ലോകത്ത് മൊത്തം 17411 മസ്ജിദുകൾ നി ർമിച്ചു കഴിഞ്ഞിരിക്കുന്നു.
- ദൈവകൃപയാൽ ലോകം മുഴുവൻ വാ ഖ്ഫീനെ നൗ കുട്ടികളുടെ എണ്ണം 66525 ആയി ക്കഴിഞ്ഞു.
- ഇപ്പോൾ 12 സാറ്റ്ലൈറ്റു മുഖേന മുസ് ലിം ടെലിവിഷൻ അഹ് മദിയ്യായുടെ അഞ്ചു സംപ്രേഷണങ്ങൾ 24 മണിക്കൂറും കണ്ടുവരു ന്നു. 21 റേഡിയോ നിലയങ്ങളും രാപകൽ പ്ര വൃത്തിച്ചുവരുന്നു.
- ലോകംമുഴവൻ 714 സ്കൂളുകളും 37 ആശു പത്രികളും മുഖേന അഹ്മദിയ്യാ ജമാഅത്ത് രാ വും പകലും മാനവസേവയിൽ മുഴുകിയിരിക്കു ന്നു. 49 രാഷ്ട്രങ്ങളിൽ ഹ്യൂമാനിറ്റി ഫസ്റ്റ് എന്ന ചാരിറ്റബിൾ ഓർഗനൈസേഷൻ മുഖേന വിപു ലമായ നിലയിൽ കാരുണ്യപ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

ഇന്ന് അഹ്മദിയ്യാ ജമാഅത്ത് തന്നെയാണ് ഇസ്ലാമിന്റെ അന്തസ് കാത്തു സൂക്ഷിക്കുന്ന തിനുവേണ്ടി ലോകം മുഴുവൻ വിഷമങ്ങളേയും പ്രയാസങ്ങളേയും അഭിമുഖീകരിക്കുന്നത്. ചില രാജ്യങ്ങളിൽ എത്രമാത്രം ശക്തമായ എതിർപാ ണെന്നാൽ നബി(സ)തിരുമേനിയുടെ കാലത്ത് മാത്രമെ അതിന് ഉദാഹരണം ലഭിക്കുകയുള്ളു.

ഇന്ന് മുഴുലോകത്തും ഇസ്ലാമിന്റെ ഉന്ന മനത്തിനുവേണ്ടി ഖിലാഫത്തിന്റെ തണലിൽ അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾമാത്രമാ ണ് തങ്ങളുടെ അരുമമക്കളെ ദീനീ സേവനത്തി നുവേണ്ടി വഖ്ഫു ചെയ്യുന്നത്. ഇസ്ലാമിന്റെ പ്രബോധനത്തിനുവേണ്ടി വീടു വിട്ടിറങ്ങുന്ന വർ! കലിമയുടെ മഹത്ത്വത്തിനുവേണ്ടി മർദനം ഏല്ക്കുന്നവർ! ഇസ്ലാമിനോടുള്ള സ്നേഹത്തി ൽ തടവുകാർ ആയിക്കൊണ്ട് വർഷങ്ങളോള മായി അന്ധകാരനിബിഢമായ ഇരുമ്പഴിക്കുള്ളി ൽ വീണുകിടക്കുന്നവർ! അവർ ജീവൻ കാണി ക്കയായി സമർപിക്കുന്നു. പക്ഷേ, ഇങ്ങനെയൊ ക്കയായിട്ടും അവരുടെ പാദങ്ങളെ അല്പംപോ ലും ഇളക്കാൻ ഒന്നിനും കഴിഞ്ഞിട്ടില്ല.

ആരാലും അറിയപ്പെടാതിരുന്ന ഖാദിയാൻ എന്ന കുഗ്രാമ്തിൽനിന്നുയർന്ന ശബ്ദം ഇന്ന് മുഴവൻ ചക്രവാളത്തിലും മറ്റൊലികൊള്ളു ന്നു. അല്ലാഹു ആ ശബ്ദത്തിന് എത്രമാത്രം മഹത്ത്വവും വ്യാപനവും നല്കിയെന്നാൽ വൻ രാഷ്ട്രങ്ങളിലെ ബുദ്ധിമാന്മാർ അതിന്റെ പ്രാ ധാന്യവും നേട്ടങ്ങളും മുന്നിൽ കണ്ട് അത് ശ്രദ്ധാപൂർവം കേൾക്കുന്നു. അതിന്റെ സത്യത അംഗീകരിക്കുന്നു. സത്യം പറഞ്ഞാൽ ഖിലാഫ ത്തിന്റെ തണലിൽ അഹ്മദിയ്യത്ത് എന്ന സംഘ ടന ആഗോളാടിസ്ഥാനത്തിൽ എത്രമാത്രം നേട്ടം കരസ്ഥമാക്കിയെന്നാൽ ഇന്ന് ലോകത്തിന്റെ ഒരു മൂലയും അതിന്റെ അനുഗ്രഹത്തിൽനിന്ന് പുറത്തല്ല. ഇന്ന് നമുക്ക് ഒരു ഭയവും പേടിയു മില്ലാതെ പറയാൻ കഴിയും ഓരോ നിമിഷവും ഓരോ സ്ഥലത്തും അഹ്മദിയ്യാ ലോകത്തിനു മേൽ അല്ലാഹുവിന്റെ സഹായത്തിന്റേയും പി ൻതുണയുടേയും സൂര്യൻ എപ്പോഴും ഉദിച്ചു നില്ക്കുന്നുവെന്ന്! ദൈവിക സഹായത്തിന്റെ തണലിൽ ആഗോള ഇസ്ലാമിക വിജയത്തിന്റെ വാഗ്ദാനം ചെയ്യപ്പെട്ട പ്രഭാതം ഓരോ നിമിഷ വും പ്രശോഭിതമായിക്കൊണ്ടുപോകുന്നു.

ഈ പ്രസംഗത്തോടെ ആദ്യ ദിവസത്തെ രണ്ടാമത്തെ സെഷൻ സമാപിച്ചു.

## 2018 ഡിസംബർ 29 ശനിയാഴ്ച

രണ്ടാമത്തെ ദിവസത്തെ ആദ്യയോഗത്തിന്റെ പരിപാടി സ്വദർ അഞ്ചുമൻ അഹ്മദിയ്യ വഖ്ഫെ ജദീദ് ഭാരത് സയ്യിദ് തൻവീർ അഹ്മദ് സാഹിബി ന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. മുഅല്ലിം സി ൽസില ഹാഫിള് അമാൻ അലി സാഹിബ് ഖുർ ആൻ പാരായണം ചെയ്തു. സൂറ തക്വീറിന്റെ ഒന്നു മുതൽ മുപ്പതുവരെയുള്ള വചനങ്ങളാണ് ഓതിയത്. അതിന്റെ ഉർദു തർജമ നാളിം ദാ റുൽ ഖളാ ഖാദിയാൻ മൗലവി സൈനുദ്ദീൻ സാഹിബ് ഹാമിദ് കേൾപ്പിച്ചു. തുടർന്ന് ബദ്ർ സഹപത്രാധിപർ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പദ്യം

ദീൻ കി നുസ്റത്ത് കേലിയെ
ഇക് ആസ്മാൻ പർ ശോർ ഹെ
അബ് ഗയാ വഖ്ത്തെ ഖസാൻ
ആയേ ഹൈ ഫൽ ലാനെ കെ ദിൻ

മനോഹരമായ ഈണത്തിൽ ആലപിച്ചു. ഈ സെഷനിലെ ആദ്യ പ്രസംഗം നാളിർ ദഅ്വത്തെ ഇലല്ലാഹ് മർക്കസിയ്യ ഖാദിയാൻ മൗലാനാ മുഹമ്മദ് ഹമീദ് കൗഥർ സാഹിബിന്റേ തായിരുന്നു. 'ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിന സ്രിഹിൽ അസീസിന്റെ ദുആ സ്വീകാര്യത യുടെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങൾ' എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗ വി ഷയം. അദ്ദേഹം തന്റെ പ്രസംഗത്തിൽ ചില സംഭവങ്ങൾ വിവരിക്കുകയുണ്ടായി.

2004-ൽ ആഫ്രിക്കയിൽ പര്യടനം നടത്തു മ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് നൈജീരിയായിൽനിന്ന് ബെനിനിലെ ത്തി. മിഷൻ ഹൗസിലെത്തിയപ്പോൾ അസ് റിന്റെ നേരമായിരുന്നു. ശക്തമായ മഴ പെയ്യു ന്നുണ്ടായിരുന്നു. നമസ്കരിക്കുന്നതിനുവേണ്ടി മുറ്റത്ത് പന്തലിട്ടിരുന്നു. അത് നാലുഭാഗവും തുറ ന്നതായിരുന്നു. മഴ കാരണം അവിടെ നമസ്ക

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ *The Weekly* **BADAR** *Qadian*

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 14 February 2019 Issue-7

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

രിക്കാൻ പറ്റിയിരുന്നില്ല; എന്നല്ല നില്ക്കാൻപോലും കഴിഞ്ഞിരുന്നില്ല. ഹുദൂർ വെളിയിൽവന്നു. നമസ്കാരത്തെ കുറിച്ച് ചോദിച്ചു. അമീർ സാഹിബ് പറഞ്ഞു: ഇപ്പോൾ ശക്തമായ മഴപെയ്യുകയാണ്. നമസ്കരിക്കാൻ വെളിയിൽ പന്തലിട്ടുണ്ട്. പക്ഷേ, മഴകാരണത്താൽ ബുദ്ധിമുട്ടുണ്ട്. ഹുദൂർ ആകാശത്തേക്ക് ദൃഷ്ടി ഉയർത്തി. പത്തുമിനിറ്റിനുശേഷം നമസ്കരിക്കാമെന്ന് പറഞ്ഞു. അതിനുശേഷം ഹുദൂർ ഉള്ളിലേക്ക് പോയി. രണ്ടോ മൂന്നോ മിനിറ്റുമാത്രമെ കഴിഞ്ഞുള്ളു പൊടുന്നനെ മഴ നിന്നു. ആകാശം തെളിഞ്ഞു. നോക്കിക്കൊണ്ടിരിക്കുമ്പോൾത്തന്നെ വെയിലുറിച്ചു. അതേ പന്തലിൽത്തന്നെ നമസ്കരിക്കാൻ ഏർപാടായി. തദ്ദേശവാസികൾ ഈ അടയാളം കണ്ട് അത്ഭുതപ്പെട്ടു. ഇവിടെ മഴ തുടങ്ങിക്കഴിഞ്ഞാൽ മണിക്കൂറുകളോളം പെയ്തുകൊണ്ടിരിക്കുമെന്ന് അവർ പറഞ്ഞു. ഹുദൂർ പത്തു മിനിറ്റാണ് പറഞ്ഞത്. മഴ മൂന്നുമിനിറ്റിൽതന്നെ നിലച്ചിരുന്നു. നിലച്ചുവെന്ന് മാത്രമല്ല, കാർമേഘവും അപ്രത്യക്ഷമായി.

2008-ൽ ചില അവസ്ഥകൾ കാരണത്താൽ ജൽസസാലാന ഖാദിയാൻ ഡിസംബർ മാസത്തിൽ നിശ്ചിത തിയതികളിൽ നടന്നില്ല. 2009 മെയ് 25, 26, 27 തിയതികളിലാണ് നടന്നത്. അവസാന ദിവസം ഹുദൂറിന്റെ സമാപനപ്രഭാഷണം നടക്കണമായിരുന്നു. പഞ്ചാബിൽ പൊടിക്കാറ്റ് ശക്തമായി വീശിയടിക്കുന്ന മാസമാണ് മെയ്. അവസാന സെഷൻ ആരംഭിച്ചപ്പോൾത്തന്നെ പൊടിക്കാറ്റ് വീശാൻ തുടങ്ങി. കാലാവസ്ഥ നിരീക്ഷകരും ശക്തമായ കാറ്റുവീശുമെന്നും മഴയുണ്ടാകുമെന്നും മുന്നറിയിപ്പ് നല്കിയിരുന്നു. ജൽസാ ഗാഹിൽ അഹ്മദികൾക്കു പുറമെ ഹുദൂറിന്റെ പ്രഭാഷണം ശ്രവിക്കാൻ ഹിന്ദു, സിക്ക്, ക്രിസ്ത്യാനി സഹോദരന്മാരും ഉണ്ടായിരുന്നു. കാറ്റ് ശക്തിപ്രാപിച്ചുകൊണ്ടിരുന്നു. ജൽസാഗാഹിലെ എല്ലാവസ്തുക്കളും പറത്തിക്കൊണ്ടുപോകുമെന്ന് തോന്നിപ്പോയി. വൈദ്യുതിയേയും എം.ടി.എ സംപ്രേഷണത്തേയും ബാധിക്കുമോ എന്നതായിരുന്നു ഏറ്റവും വലിയ ആശങ്ക. ഹുദൂറിന്റെ മുമ്പിൽ എല്ലാ കാര്യങ്ങളും അറയിച്ച് ദുആ ചെയ്യാൻ അപേക്ഷിച്ചു. ഖുർആൻ പാരായണത്തിനും പദ്യാലാപനത്തിനും ശേഷം ഹുദൂർ തന്റെ പ്രസംഗത്തിന്റെ തുടക്കത്തിൽ പറഞ്ഞു: 'ഖാദിയാനിൽ ശക്തമായ കാറ്റു വീശിക്കൊണ്ടിരിക്കുന്നുവെന്ന് അവിടെ നിന്ന് അറിയാൻ കഴിഞ്ഞു. സമാധാനപരമായ നിലയിൽ ജൽസാ പര്യവസാനിക്കാൻ ദുആ ചെയ്യുക.' ഹുദൂറിന്റെ ദുആ അല്ലാഹു സ്വീകരിച്ചു. രണ്ടുമൂന്നു മിനിറ്റുകൊണ്ട് കാറ്റ് നിലച്ചു. നല്ല ചൂടായിരുന്ന കാലവസ്ഥ പെട്ടെന്ന് സാധാരണാവസ്ഥയിലായി. ശ്രോതാക്കൾ വളരെ സമാധാനത്തോടുകൂടി ഹുദൂറിന്റെ പ്രസംഗം ശ്രവിച്ചു.

ഈ സെഷനിലെ രണ്ടാമത്തെ പ്രസംഗം സ്വദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മൗലാനാ ത്വാരിഖ് അഹ്മദ് സാഹിബിന്റേതായിരുന്നു. 'തോതനുസരിച്ചുള്ള ചന്ദ-വസിയ്യത്ത് വ്യവസ്ഥിതിയുടെ പ്രാധാന്യവും അനുഗ്രങ്ങളും' എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗവിഷയം. ഈ ലോകത്ത് നിന്ന് വിടപറയാനുള്ള സമയം മനുഷ്യനു വന്നെത്തുമ്പോൾ കുറച്ചുകൂടി ജീവിക്കാൻ സാവകാശം കിട്ടിയിരുന്നെങ്കിൽ അല്ലാഹുവിന്റെ വഴിയിൽ തന്റെ പ്രിയപ്പെട്ട വസ്തുക്കൾ നല്ലവണ്ണം ചെലവഴിക്കാമായിരുന്നുവെന്ന് അവൻ ആഗ്രഹിക്കുന്നു. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാകുന്നതിന് തന്റെ കൈയിലുള്ളതെല്ലാം അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കാമായിരുന്നു എന്നും അവൻ കരുതുന്നു. മനുഷ്യന് അവന്റെ അവസാന സമയത്ത് ദൈവവഴിയിൽ ചെലവഴിക്കണമെന്ന വിചാരം എന്തുകൊണ്ടുണ്ടാകുന്നു എന്ന ചോദ്യം സ്വാഭാവികമാണ്. ദൈവതൃപ്തി കരസ്ഥമാക്കുന്നതിനുള്ള ഉത്തമമായ കുറിപ്പടി അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കലാണെന്നത് പെട്ടെന്ന് അവനിൽ വെളിപ്പെടുത്തുന്ന ആ രഹസ്യമെന്താണ്. നബി(സ)തിരുമേനി മനുഷ്യന്റെ ഈ അവസ്ഥയുടെചിത്രം ഈ വാക്കുകളിൽ കോറിയിട്ടിരിക്കുന്നു:

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. ഒരാൾ നബി(സ)തിരുമേനിയുടെ അടുത്തു വന്നു. അയാൾ പറഞ്ഞു: 'യാ റസൂലല്ലാഹ്! ദാനധർമങ്ങളിൽ ഏറ്റവും പുണ്യമേറിയത് ഏതാണ്?' അവിടന്ന് പ്രത്യുത്തരം നല്കി:'നീ ആരോഗ്യവാനായിരിക്കുക, ധനം വിട്ടുകൊടുക്കാൻ നിനക്ക് മടിയുണ്ടായിരിക്കുക, ദാരിദ്ര്യത്തെ കുറിച്ച് ഭയവും ധനം സമ്പാദിച്ചാൽ കൊള്ളാമെന്ന് നിനക്ക് ആഗ്രഹവും ഉണ്ടായിരിക്കുക. ഈ പരിതഃസ്ഥിതിയിൽ നല്കുന്ന ദാനമാണ് ഏറ്റവും പുണ്യകരം. അന്നേരം നീ ഈ ദാനത്തെ പിന്നിലേക്ക് നീക്കിവെക്കരുത്. അങ്ങനെ ജീവിതം തൊണ്ടക്കുഴിയിലെത്തുന്ന നേരം നീ പറയും, ഇത്ര ഇന്നവനുകൊടുക്കണം, ഇത്ര ഇന്നവനു കൊടുക്കണം എന്നെല്ലാം. യഥാർഥത്തിൽ ആ ധനം ആ ഘട്ടത്തിൽ ഇന്നവന്റേതായി കഴിഞ്ഞിരിക്കുകയാണ്.'(ബുഖാരി കിതാബുസ്സക്കാത്ത്)

അതിനാൽ ആരോഗ്യമുള്ള അവസ്ഥയിൽ അല്ലഹുവുമായി തന്റെ കണക്ക് ക്ലിയർ ചെയ്തുവെക്കുന്നവനാണ് ഭാഗ്യവാൻ; അവന്റെ പര്യവസാനം നല്ലതാകാൻ. ഇല്ലെങ്കിൽ വിശുദ്ധ ഖുർആൻ എങ്ങനെയാണോ ചിത്രം വരിച്ചിട്ടുള്ളത് മർളുൽമൗത്തിലെത്തി ധനത്യാഗത്തെ കുറിച്ച് ചിന്തയുണ്ടാകുന്നത് നഷ്ടപ്പെട്ടവരുടെ മാർഗവും തങ്ങളെ സ്വയം നാശത്തിൽ അകപ്പെടുത്തുന്നതിന് നിമിത്തവുമാണ്.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഈ കാലം എത്രമാത്രം ബർക്കത്തുകളുടേതാണ്. ആരോടും ജീവൻ ആവശ്യപ്പെടുന്നില്ല. ഇക്കാലം ജീവൻ കോടുക്കേണ്ടതല്ല.മ പ്രത്യുത കഴിവനുസരിച്ച് ദൈവമാർഗത്തിൽ ചെലവഴിക്കാനുള്ളതാണ്.'(അൽഹക്കം ഖാദിയാൻ 1903 ജൂലായ് 10)

ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്)പറയുന്നു:എന്റെ ജീവൻ മുഴുവനുമുള്ള അനുഭവമാണ്, ധനത്യാഗത്തിൽ അല്ലാഹുമായി നേരെചൊവ്വേ കാര്യങ്ങൾ ചെയ്യാത്തവരുടേയും തഖ്വയോടുകൂടി തങ്ങളുടെ ധനത്തിൽനിന്ന് അല്ലാഹുവിനും അവന്റെ ദീനിനുംവേണ്ടി ഭാഗം മാറ്റിവെക്കാത്തവരുടേയും മറ്റു കാര്യങ്ങളും തകർന്നുപോകുന്നു. വീട്ടിലെ സമാധാനം കെട്ടുപോകുന്നു. വ്യവഹാരങ്ങളിൽ നഷ്ടം സഹിക്കേണ്ടിവരുന്നു. മക്കളുടെ തർബിയ്യത്തിൽ വിള്ളലുകളുണ്ടാകുന്നു. പൊതുവെ മനുഷ്യന്റെ ജീവിതത്തിൽനിന്ന് അനുഗ്രഹം ഉയർന്നുപോകുന്നു.'(മാലി നിളാം, ഭാഗം 1, പേജ് 96)

(തുടരും)

---

**(പേജ് 9ൽനിന്ന്)**

പ്രാവശ്യവും പറയാറുണ്ട്. അതായത് നമ്മുടെ യഥാർഥ സ്രഷ്ടാവിനെ തിരിച്ചറിയുകയും പരസ്പരം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകനും ഇതുതന്നെയാണ് പറഞ്ഞത്, ഞാൻ വന്നതിന് രണ്ട് ഉദ്ദേശ്യങ്ങളാണുള്ളത്. ഒന്ന് മനുഷ്യകുലത്തെ അവരുടെ സ്രഷ്ടാവിന്റെ അടുക്കൽ കൊണ്ടുവരിക. രണ്ടാമത്തേത് മനുഷ്യകുലത്തിന് സൃഷ്ടികളോടുള്ള കടമകളെക്കുറിച്ച് പറഞ്ഞുകൊടുക്കുക. ജപ്പാനിലെ ഒരു ബുദ്ധമത പാതിരി എന്നോടു ചോദിച്ചു. 'സമാധാനത്തിന്റെ നിർവചനമെന്താണ്?'എന്താണെന്ന്! ഞാൻ അദ്ദേഹത്തിന് കൊടുത്ത മറുപടി ഇതുതന്നെയായിരുന്നു. സ്വന്തം അവകാശങ്ങൾ ചോദിക്കുന്നതിനുപകരം മറ്റുള്ളവരോടുള്ള കടമകൾ നിറവേറ്റാൻ ശ്രമിക്കുക. എല്ലാവരും ഈ രീതിയിൽ പ്രവർത്തിക്കുകയാണെങ്കിൽ സ്വയമേവ സമാധാനം സ്ഥാപിതമാകുന്നതായിരിക്കും. മറ്റുള്ളവരുടെ അവകാശം പിടിച്ചടക്കുന്നതിനുപകരം അവരുടെ അവകാശം കൊടുക്കുക. ഈ രീതിയിൽ നമുക്ക് സമാധാനം സ്ഥാപിക്കാൻ കഴിയും.

- താങ്കൾ വിവിധ നേതാക്കൾക്ക് എഴുതിയ കത്തുകൾക്ക് എന്തു മറുപടിയാണ് കിട്ടിയത്?

ഹുദൂർ : എനിക്ക് കനഡയിലേയും യു.കെ.യിലേയുംപ്രധാനമന്ത്രിമാരിൽനിന്നുമാത്രമാണ് മറുപടി കിട്ടിയത്. തങ്ങൾ ലോകസമാധാനത്തിനു വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നും തങ്ങളുടെ കൈവശമുള്ള അണുവായുധങ്ങളിൽ കുറവു വരുത്തിക്കൊണ്ടിരിക്കുന്നുവെന്നും അവർ മറുപടി എഴുതി. ഇതു രാഷ്ട്രീയമായ മറുപടി മാത്രമാണ്. അവർ ഇതനുസരിച്ച് പ്രവർത്തിക്കുമെന്ന് ഞാൻ കരുതുന്നില്ല.

- സ്വീഡനിലും ലോകംമുഴുവനും (ISIS)യെ സംബന്ധിച്ച് ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു. യൂറോപ്യൻ രാജ്യങ്ങളിൽ പഠിച്ചുവളർന്ന ധാരാളം യുവാക്കൾ ഇവിടെനിന്ന് സിറിയയിൽ പോയി(ISIS) ൽ ചേരുന്നു?

ഹുദൂർ: ഇതിനു പല കാരണങ്ങളുണ്ട്. ഒരു കാരണം ഞാൻ സാധാരണ പറഞ്ഞുവരുന്നതാണ്. അതു സാമ്പത്തികമാണ്. അത് ഇപ്പോൾ ധാരാളം നേതാക്കന്മാരും നിരീക്ഷകരും അംഗീകരിച്ചിരിക്കുന്നു. 2008 ലെ സാമ്പത്തിക പ്രതിസന്ധിയുടെ ഫലമായി യുവതലമുറയുടെ ഉള്ളിൽ നിരാശ വളരെ അധികം വർധിച്ചിരിക്കുന്നു. ഒരുപാടാളുകൾക്ക് ജോലികൾ നഷ്ടപ്പെട്ടു. യു.കെ.യിൽ മാത്രം ലക്ഷക്കണക്കിനാളുകൾക്കാണ് ജോലി നഷ്ടപ്പെട്ടത്. ഇതിൽ എന്തെങ്കിലും പ്രയോജനമുണ്ടായിട്ടുണ്ടെങ്കിൽത്തന്നെ അത് ഇല്ലാത്തതിനു തുല്യമാണ്. പരിചയമുള്ളവർക്ക് ജോലി കിട്ടുകതന്നെചെയ്യും. യുവാക്കൾ അങ്ങനെ കൈയുംകെട്ടി ഇരിക്കുകയും ചെയ്യും. ISIS അവർക്ക് അഞ്ചോ ആറോ പത്തോ ഡോളറുകൾ മാസം കൊടുത്ത് പ്രലോഭിപ്പിച്ച് അവരെ തങ്ങളിലേക്ക് വലിച്ചടുപ്പിക്കുന്നു. ഒരാൾക്ക് മാസന്തോറും നൂറു ഡോളർ വീതം കിട്ടുന്നെങ്കിൽ താങ്കൾതന്നെ അത് കണക്കുകൂട്ടുക. അപ്പോൾ അതിനു ഒരു കാരണമിതാണ്.

(തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin